# LAITY VOICE

ക്രൈസ്തവ ജനതയുടെ മുഖപത്രം

2019 JUNE | Volume: X | No: XII


# Pope Francis: The Lord invites us to open our hearts to the Holy Spirit

By Courtney Grogan

Vatican City, May 26, 2019 / 05:02 am (CNA).- Pope Francis said Sunday that the Church cannot remain static because the Holy Spirit guides the Church along the paths of history.



"The Lord today invites us to open our hearts to the gift of the Holy Spirit," Pope Francis said May 26.

The mission of the Catholic Church is characterized by docility to the work of the Holy Spirit, who continually makes the Risen Lord alive and present, he said.

In his Regina Coeli address from the window of the Vatican's Apostolic Palace, Pope Francis reflected on Jesus' words at the Last Supper, "The Paraclete, the Holy Spirit that the Father will send in my name -- he will teach you everything and remind you of all that I have told you."

"As the moment of the cross approaches, Jesus reassures the Apostles that they will not remain alone: ??with them there will always be the Holy Spirit, the Paraclete, who will support them in the mission of bringing the Gospel to the whole world," he said. "Jesus returns to the Father, but continues to instruct and animate his disciples through the action of the Holy Spirit," he added.

The pope recommended "docile listening to the World of God," free from the worldly bonds of one's opinions, strategies, or goals, which "often burden the journey of faith."

Pope Francis pointed to the example of the Virgin Mary, "who, with humble and courageous faith, has fully cooperated with the Holy Spirit for the Incarnation of the Son of God."

"As our Heavenly Mother, she always protects the Church and all of humanity," Pope Francis said. "She helps us to let ourselves be instructed and guided by the Paraclete, so that we can welcome the Word of God and witness it with our lives."

# പ്രാർത്ഥനയേക്കാൾ ശക്തിയേറിയ മറ്റൊന്നില്ല: ഡൊണാൾഡ് ട്രംപ്

വാഷിംഗ്ടൺ ഡിസി: പ്രാർത്ഥനയെക്കാൾ ശക്തിയേറിയ മറ്റൊന്നില്ലെന്നും ഒരു രാജ്യമെന്ന നിലയിൽ പ്രാർത്ഥനയുടെ ശക്തിയിൽ എക്കാലവും അമേരിക്ക വിശ്വസിക്കുമെന്നും പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. ദേശീയ പ്രാർത്ഥനാദിനത്തോടനുബന്ധിച്ച് വൈറ്റ് ഹൗസിൽ സംഘടിപ്പിച്ച അത്താഴവിരുന്നിലാണ് പ്രാർത്ഥനയുടെ ശക്തിയെപ്പറ്റി ട്രംപ് വാചാലനായത്. വിവിധ മതങ്ങളെ പ്രതിനിധീകരിച്ച് നൂറോളം മതനേതാക്കൾ അത്താഴവിരുന്നിൽ പങ്കെടുത്തു. മതസ്വാതന്ത്ര്യം സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം ചൂണ്ടിക്കാട്ടിയ ട്രംപ് മതവിശ്വാസികൾക്ക് നേരെ ലോകത്തിന്റെ പലഭാഗങ്ങളിൽ നടക്കുന്ന ആക്രമണങ്ങളും തീവ്രവാദവും അവസാനിപ്പിക്കണമെന്ന് പറഞ്ഞു. ശ്രീലങ്കയിൽ ഇസ്ലാമിക തീവ്രവാദികൾ വധിച്ച ക്രൈസ്തവരെ തന്റെ പ്രസംഗത്തിനിടയിൽ ട്രംപ് സ്മരിച്ചു. ഇതിനുമുമ്പ് മറ്റു പല അവസരങ്ങളിലും പ്രാർത്ഥനയുടെ പ്രാധാന്യത്തെപ്പറ്റി ട്രംപ് പറഞ്ഞിട്ടുണ്ട്. കഴിഞ്ഞ വർഷത്തെ നാഷണൽ പ്രയർ ഡേയിൽ പ്രാർത്ഥനയാണ് അമേരിക്കയുടെ അടിസ്ഥാനമെന്ന് പ്രസിഡന്റ് ഓർമ്മപ്പെടുത്തിയിരുന്നു. വൈറ്റ് ഹൗസിലെ കൂടിക്കാഴ്ചകൾപോലും പ്രാർത്ഥനയോടുകൂടി തുടങ്ങണമെന്ന് ട്രംപ് നിർദ്ദേശം നൽകിയതായി കഴിഞ്ഞ വർഷം വൈസ്പ്രസിഡന്റ് മൈക്ക് പെൻസ് വെളിപ്പെടുത്തിയത് വലിയ ചർച്ചയായിരുന്നു. അമേരിക്കയിലെ ജനങ്ങൾ പ്രാർത്ഥനയുടെ പ്രാധാന്യത്തെപ്പറ്റി മനസിലാക്കാനാണ് എല്ലാ വർഷവും മെയ് മാസത്തിലെ ആദ്യ വ്യാഴാഴ്ച ദേശീയ പ്രാർത്ഥനാദിനമായി സർക്കാർ പ്രഖ്യാപിച്ചിരിക്കുന്നത്.





# സഭാസംവിധാനങ്ങളിൽ നിന്ന് അല്മായർ അകലുന്നുവോ?

കത്തോലിക്കാസഭയിലെ അല്മായ മുന്നേറ്റത്തിന്റെ ചരിത്രപശ്ചാത്തലങ്ങളിലേയ്ക്കും നന്മകൾ വാരിവിതറിയ സാക്ഷ്യങ്ങളുടെ ഇന്നലകളിലേയ്ക്കും യാത്രചെയ്ത് സഭയുടെ വളർച്ചയുടെ പാതയിലെ വെല്ലുവിളികളെ അതിജീവിക്കുന്നതിൽ നാം എത്രമാത്രം വിജയിച്ചുവെന്ന വിലയിരുത്തൽ അടിയന്തരമാണ്. ആധുനിക ലോകത്തിന്റെ പ്രായോഗിക തലങ്ങളിൽ സഭയുടെ ശബ്ദവും ശക്തിയും സാക്ഷ്യങ്ങളുമാകുവാൻ അല്മായ സമൂഹത്തെ രൂപാന്തരപ്പെടുത്തി പ്രാപ്തരാക്കുവാൻ നമുക്കായോ? ഭിന്നിപ്പിന്റെയും ധാർഷ്ഠ്യത്തിന്റെയും ആരോപണ പ്രത്യാരോപണങ്ങളുടെയും വിമതസ്വരങ്ങൾ മാത്രമല്ല, സഭയുടെ പ്രവർത്തനമേഖലകളുടെ അടിത്തറ മാന്തുന്നതും ആത്മീയതയേയും വിശ്വാസത്തേയും വെല്ലുവിളിക്കുന്നതും കെട്ടുറപ്പിനെ ഇളക്കുന്നതുമായ നീക്കങ്ങൾ ഏതുകോണിൽനിന്നുവന്നാലും എതിർക്കപ്പെടേണ്ടതല്ലേ? വലിയ പ്രതിസന്ധിയിലേയ്ക്ക് ക്രൈസ്തവ സഭകളെ തള്ളിവിടുന്നത് വിശ്വാസികളായ അല്മായ സമൂഹമല്ല. കാഴ്ചക്കാരും കേൾവിക്കാരുമായി ഒതുങ്ങിക്കൂടുന്ന അവസ്ഥയിലെത്തിയിരിക്കുന്ന സഭാമക്കളിൽ സഭയോട് അകൽച്ച സൃഷ്ടിക്കുന്ന പ്രവർത്തികൾ സ്വയം കുഴിതോണ്ടുന്നുവെന്നത് ക്രൈസ്തവ സഭാനേതൃത്വം തിരിച്ചറിയാത്തതെന്ത്?

## പൗരോഹിത്യ പങ്കാളികൾ

രണ്ടാം വത്തിക്കാൻ സൂനഹദോസുവരെയും സഭയിലെ ശുശ്രൂഷകൾ വൈദികരുടെയും സന്യസ്തരുടെയും മാത്രം ഉത്തരവാദിത്വമായിട്ടാണ് കരുതിയിരുന്നത്. രണ്ടാം വത്തിക്കാൻ കൗൺസിൽ അല്മായർക്ക് വ്യക്തമായ ഒരു നിർവചനം നൽകി. അല്മായർ എന്നാൽ അർത്ഥമാക്കുന്നത് തിരുപ്പട്ടങ്ങളിലും സഭ അംഗീകരിച്ചിട്ടുള്ള സന്യാസജീവിതത്തിലുമുള്ളവരും ഒഴികെയുള്ള എല്ലാ വിശ്വാസികളുമാണ്. ഈ വിശ്വാസികൾ ജ്ഞാനസ്നാനത്താൽ ക്രിസ്തുവുമായി സംയോജിക്കപ്പെട്ട് ദൈവജനമായി സ്ഥാപിക്കപ്പെട്ടവരും അക്കാരണത്താൽ ക്രിസ്തുവിന്റെ പൗരോഹിത്യ പ്രവാചക രാജകീയ ധർമ്മങ്ങളിൽ തങ്ങളുടേതായ രീതിയിൽ ഭാഗഭാക്കുകളായിക്കൊണ്ട് ലോകത്തിൽ പൂർത്തിയാക്കാൻ ദൈവം സഭയെ ഭരമേൽപ്പിച്ചിരിക്കുന്ന രക്ഷാകരദൗത്യം തങ്ങളുടെ ജീവിതാവസ്ഥയ്ക്കനുസൃതം നിർവഹിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നവരുമാണ്.

## അല്മായ പ്രേഷിതത്വം

അല്മായർ തങ്ങളുടെ ദൗത്യം നിർവഹിക്കേണ്ടത് അവരവരുടെ പ്രവർത്തനമണ്ഡലങ്ങളിൽ വ്യാപൃതരായിക്കൊണ്ടാണ്. കുടുംബം, വിദ്യാലയം, സംഘടനകൾ, സാമുദായികരംഗം, രാഷ്ട്രീയം എന്നിവ അല്മായരുടെ പ്രവർത്തനമേഖലകളാണ്. അല്മായർക്ക് തങ്ങളുടെ ദൗത്യം തനിച്ചും സംഘടിച്ചും നിർവഹിക്കാം. ഇതിന് പിന്തുണയും പ്രോത്സാഹനവും നൽകുവാൻ സഭാനേതൃത്വത്തിന് ഉത്തരവാദിത്വമുണ്ട്. യഥാർത്ഥ ക്രൈസ്തവജീവിതത്തിൽ നിന്നു മുളയെടുക്കുന്നതും വ്യക്തിനിഷ്ഠവുമായ അല്മായ ദൗത്യത്തിനു പകരം നിൽക്കാൻ മറ്റൊന്നില്ല. സഭയ്ക്കു സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിയാത്ത സ്ഥലങ്ങളിലും സാഹചര്യങ്ങളിലും അല്മായ പ്രേഷിതത്വത്തിന് വലിയ പങ്കുണ്ട്. ദൈവാലയത്തിൽ മാത്രമല്ല ഒരു വ്യക്തി ക്രിസ്ത്യാനിയായിരിക്കേണ്ടത്. ദൈവാലയത്തിന് പുറത്ത് ക്രൈസ്തവർ വ്യാപരിക്കുന്ന എല്ലാ മേഖലകളിലും ക്രിസ്തുവിന് സാക്ഷ്യം നൽകുന്ന ക്രിസ്ത്യാനിയായി ജീവിക്കാൻ കഴിയണം. "ലോകത്തിന്റെയും ലൗകികപ്രവർത്തനങ്ങളുടെയും മധ്യേ ജീവിക്കുകയെന്നത് അല്മായസ്ഥിതിക്കു യോജിച്ചതുതന്നെയാണ്. അതുകൊണ്ട് ക്രിസ്തുവിന്റെ ചൈതന്യത്താൽ ജ്വലിച്ച് ലോകത്തെ പുളിപ്പിക്കുന്ന മാവെന്നപോലെ സ്വന്തം ദൗത്യം നിർവഹിക്കാൻ ദൈവം അല്മായരെ വിളിച്ചിരിക്കുന്നു" (AA).

## പങ്കാളിത്ത സംവിധാനങ്ങൾ ഫലപ്രദമോ?

ഭാരതത്തിലെ പല രൂപതകളും അല്മായ പങ്കാളിത്ത സംവിധാനങ്ങൾക്കു രൂപം കൊടുത്തത് അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളുടെ അഥവാ കുടുംബകൂട്ടായ്മകളുടെ രൂപീകരണത്തിലൂടെയാണ്. പലരും ഇതിനെ ഒരു പ്രാർത്ഥനാ സമ്മേളനമായും വെറും ഒരു സോഷ്യൽ യോഗമായും മാത്രമാണ് കാണുന്നത്. ചടങ്ങുകൾക്കപ്പുറം ആദിമക്രൈസ്തവസഭയെ അനുസ്മരിക്കുന്ന പ്രാർത്ഥനയും കൂട്ടായ്മയും പങ്കുവയ്ക്കലും ആധുനിക സഭയിലെ കുടുംബകൂട്ടായ്മകൾക്കുണ്ടോ?

അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങൾ അല്മായ ശാക്തീകരണത്തിനും സഭാശുശ്രൂഷകളിലെ അല്മായ നേതൃത്വത്തിനും വലിയൊരു സാധ്യതയാണ് തുറന്നുകൊടുത്തിരിക്കുന്നത്. എന്നാൽ പല രൂപതകളിലും ഇടവക-രൂപതാ ശുശ്രൂഷാപ്രവർത്തനങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ടുള്ള പങ്കാളിത്ത സംവിധാനങ്ങൾ ഇല്ല എന്നതാണ് ഖേദകരമായ സത്യം. ഉണ്ടെങ്കിൽ തന്നെ പേരിനുമാത്രം.

പങ്കാളിത്തസംവിധാനങ്ങൾ ഇടവക-ഫൊറോന-രൂപതാ തലത്തിൽ പ്രവർത്തിക്കുന്ന ത്രിതലപ്രക്രിയ ചില രൂപതകളിലെങ്കിലുമുണ്ട്. പക്ഷേ സഭയുടെ വളർച്ചയ്ക്കും വിശ്വാസിസമൂഹത്തിന്റെ നന്മയ്ക്കും ഉതകുന്ന പ്രവർത്തനങ്ങൾ സജീവമാക്കുവാൻ ഈ പങ്കാളിത്തത്തിനാകുന്നില്ല. അടിസ്ഥാനക്രൈസ്തവ സമൂഹങ്ങളിൽ നിന്ന് പ്രതിനിധികളെ ഉൾപ്പെടുത്തി ശുശ്രൂഷാസമിതികൾ രൂപപ്പെടുത്തുന്ന ഈ പ്രക്രിയ ഫലപ്രദമായി നടപ്പിലാക്കുവാൻ നമുക്കു സാധിക്കുന്നുണ്ടോ?

## പ്രാദേശികസഭയിലെ പങ്കാളിത്തം

പ്രാദേശികസഭയോടുള്ള തങ്ങളുടെ ആത്മബന്ധം സജീവമായി പ്രകടിപ്പിച്ചു ജീവിക്കാൻ സൂനഹദോസ് അല്മായവിശ്വാസികളെ ശക്തമായി പ്രോത്സാഹിപ്പിക്കുന്നു, അതേസമയം എന്നാളും വളർന്നുവരുന്ന സാർവ്വത്രികാരൂപി (Catholic Spirit)

അവർ സ്വന്തമാക്കുകയും വേണം. സഭയോടുകൂടുതൽ ചേർന്നു നിന്ന് പ്രവർത്തിക്കുവാൻ കുടുംബങ്ങളെ സഭ ആഹ്വാനം ചെയ്യുന്നു.

രൂപതാസിനഡുകളിലും പ്രാദേശിക കൗൺസിലുകളിലും അവ പ്രവിശ്യാതലത്തിലുള്ളതോ പൂർണ്ണമായതോ ആയാലും അല്മായ പങ്കാളിത്തം ഉണ്ടായിരിക്കണമെന്ന് കാനൻനിയമസംഹിത വിവക്ഷിക്കുന്നു. ഇത് സഭാകൂട്ടായ്മ ശക്തിപ്പെടുത്താൻ സഹായകമാകുന്നു. പ്രാദേശികസഭയ്ക്ക് അതിന്റെതന്നെ സാഹചര്യങ്ങളിലും സഭാപ്രവിശ്യയുടെ ഇതരപ്രാദേശികസഭകളോടോ മെത്രാന്മാരുടെ കോൺഫറൻസിനോടോ ഉള്ള ബന്ധത്തിലും അതിന്റെ ദൗത്യം നിറവേറ്റാൻ ഈ ഘടനകൾ ഉപകരിക്കുന്നു.

ദേശീയതലത്തിലോ പ്രാദേശികതലത്തിലോ അല്മായ സ്ത്രീപുരുഷന്മാരുടെ ആലോചനയും സഹവർത്തിത്വവും വളർത്തിയെടുക്കാൻ കൂടുതൽ ഉതകുന്ന മാർഗ്ഗമേതെന്ന് മെത്രാന്മാരുടെ കോൺഫറൻസുകൾ വിലയിരുത്തേണ്ടതുണ്ട്. അങ്ങനെ തങ്ങളെല്ലാവരും നേരിടുന്ന പ്രശ്നങ്ങൾ നന്നായി പര്യാലോചിക്കാനും മുഴുവൻ സഭയുടെയും മെച്ചപ്പെട്ട കൂട്ടായ്മ പ്രകടമാക്കാനും അവർക്കു കഴിയും.

## വൈദികനേതൃത്വവും അല്മായ പങ്കാളിത്തവും

ഇന്നും പ്രാദേശികസഭയിൽ "വൈദികമേധാവിത്വം" വളരെയേറെയുണ്ടെന്നുള്ളതാണ് സത്യം. ഒരു ക്ലെറിക്കൽ സഭയാണ്



ഇന്നും നമ്മുടേത് എന്നു പറഞ്ഞാൽ അതൊരു അതിശയോക്തിയാവില്ല. ദൈവജനത്തെക്കുറിച്ചുള്ള സഭാപ്രബോധനങ്ങൾപോലും തമസ്കരിക്കപ്പെടുന്നു. അല്മായ പങ്കാളിത്തത്തെപ്പറ്റി സെമിനാരി പരിശീലനകാലഘട്ടത്തിൽ ഒത്തിരിയേറെ പഠനങ്ങൾ നടക്കുന്നുണ്ടെങ്കിലും പ്രാദേശികരംഗങ്ങളിൽ യുവവൈദികർ പോലും ഇതിനായി കാര്യമായ ശ്രമങ്ങൾ നടത്തുന്നുണ്ടോയെന്ന് ചിന്തിക്കുന്നത് ഉചിതമായിരിക്കും. മാത്രവുമല്ല, സഭയുടെ പൊതുവേദികളിൽ നിന്നുപോലും അല്മായരെ കഴിവതും ഒഴിവാക്കുന്ന പ്രവണത കൂടുന്നുവെന്നു മാത്രമല്ല, സഭാവിരുദ്ധരെ പ്രതിഷ്ഠിക്കുകയും ചെയ്യുന്നു. എന്തിനേറെ ആത്മീയ സാക്ഷ്യങ്ങളെന്ന് അവകാശപ്പെടുന്നവപോലും പലപ്പോഴും എതിർസാക്ഷ്യങ്ങളാകുന്നു.

## മനുഷ്യവിഭവശേഷിയും അല്മായരും

പ്രബുദ്ധരായ അല്മായരുടെ പങ്കാളിത്തം സഭയിൽ ഇന്ന് വളരെ പരിമിതമാണ്. ഇടവകതലത്തിൽ തന്നെ വിവിധ ശുശ്രൂഷകളിൽ ഇവരുടെ സേവനം ഉറപ്പാക്കാൻ കഴിയണം. ഇതിനായി ഇടവക രൂപതാ തലങ്ങളിൽ മനുഷ്യവിഭവനിർണ്ണയം നടത്തുന്നത് നന്നായിരിക്കും. നമ്മുടെ ഇടവകകളിലെ ഇന്നത്തെ പ്രവർത്തനശൈലിയെപ്പറ്റിയുള്ള ഒരു പഠനം വെളിപ്പെടുത്തുന്നത് ഏറിയാൽ പത്ത് ശതമാനം പേരാണ് സഭാശുശ്രൂഷകളിൽ സജീവ പങ്കാളികളായിരിക്കുന്നത് എന്നാണ്. ഏതാണ്ട് 60 ശതമാനം പേരെ ഞായറാഴ്ച ക്രിസ്ത്യാനികളെന്നു വിശേഷിപ്പിക്കാം. ഏതാണ്ട് 30 ശതമാനം സഭാജീവിതവുമായി യാതൊരു ബന്ധവുമില്ലാതെയാണ് കഴിയുന്നത്. 10 ശതമാനം വരുന്ന പ്രബുദ്ധരായ അല്മായർ സഭാജീവിതത്തോടു നിസംഗത പുലർത്തുന്നവരാണ് എന്നാണ് വെളിപ്പെടുന്നത്.

നേരത്തെ സൂചിപ്പിച്ചതുപോലെ സാമൂഹ്യവിദ്യാഭ്യാസ മേഖലകളിൽ അല്മായരുടെ വിഭവശേഷി പരമാവധി പ്രയോജനപ്പെടുത്തുക മാത്രമല്ല നേതൃസ്ഥാനങ്ങളിലേയ്ക്ക് അവരുടെ സേവനം പ്രയോജനപ്പെടുത്തുകയും വേണം.

## സാമൂഹിക രാഷ്ട്രീയ രംഗത്തെ പങ്കാളിത്തം

ആധുനിക കാലഘട്ടത്തിൽ നീതിപൂർവ്വകമായ സമൂഹനിർമ്മിതി ഒരു സഭാശുശ്രൂഷയാണ്. അങ്ങനെ വരുമ്പോൾ രാഷ്ട്രീയപ്രവർത്തനം ഒരു ശുശ്രൂഷയായി നാം കാണേണ്ടതുണ്ട്. രാഷ്ട്രീയം എന്നു പറയുന്നത് കക്ഷിരാഷ്ട്രീയമായി മാത്രം കാണരുത്. കക്ഷിരാഷ്ട്രീയത്തിനധീതമായി രാഷ്ട്രീയ പ്രവർത്തനത്തെ കാണാനും പ്രശ്നാധിഷ്ഠിത മൂല്യാധിഷ്ഠിത രാഷ്ട്രീയ സമവാക്യങ്ങൾ രൂപപ്പെടുത്തിയെടുക്കാനും ഇനിയും സഭയ്ക്ക് കഴിഞ്ഞിട്ടില്ല.

രാഷ്ട്രീയത്തോടുള്ള നിഷേധാത്മക മനോഭാവം വെടിഞ്ഞ് കക്ഷിരാഷ്ട്രീയത്തിനധീതമായിചിന്തിക്കുന്ന മൂല്യബോധമുള്ള ഒരു പുതിയ അല്മായ യുവതലമുറയെ വാർത്തെടുക്കാൻ നമുക്കുകഴിയണം. കത്തോലിക്കാ യുവജന പ്രസ്ഥാനത്തിന് ഇക്കാര്യത്തിൽ വലിയൊരു മുന്നേറ്റം നടത്താനാകും. കാലികപ്രശ്നങ്ങളോടു പ്രതികരിക്കാനും കാലത്തിന്റെ ചുവരെഴുത്തുകൾ മനസിലാക്കാനും കഴിയുന്ന ഒരു അല്മായ തലമുറയ്ക്ക് മാത്രമേ പ്രാദേശിക സഭാരൂപീകരണത്തിൽ സജീവമായി പങ്കെടുക്കാനും പ്രതിസന്ധികളിൽ സഭയുടെ ശബ്ദമാകുവാനും ശക്തിപകരാനുമാകുകയുള്ളൂ.

## കുടുംബങ്ങളിലെ അരൂപി

വ്യക്തി എന്ന നിലയിൽ ഓരോ ആളിന്റെയും അനന്യതയും പ്രവർത്തനങ്ങളും മൂലം, ഓരോ വ്യക്തിയും സഭാസമൂഹത്തിന്റെ വളർച്ചയ്ക്കായുള്ള സേവനത്തിനു നിയുക്തനാണ്. വി.ഗ്രിഗറി ഇങ്ങനെ എഴുതുന്നു: "തിരുസ്സഭയിൽ എല്ലാവരെയും ഓരോരുത്തരും പരിപോഷിപ്പിക്കുന്നു, ഓരോരുത്തരെയും എല്ലാവരും പരിപോഷിപ്പിക്കുന്നു." പ്രേഷിതത്വത്തെപ്പറ്റി സൂനഹദോസ് നിഷ്കർഷിക്കുന്നത് യഥാർത്ഥ ക്രിസ്തീയ ജീവിതത്തിൽ നിന്നുത്ഭവിക്കുന്ന വ്യക്തിപരമായ പ്രേഷിതത്വമാണ് (cf.യോഹ).

## അല്മായ ശക്തീകരണ വെല്ലുവിളികൾ

അല്മായ പങ്കാളിത്തവും കൂട്ടുത്തരവാദിത്വവും സവിശേഷതയായുള്ള സഭയ്ക്ക് ഇനിയും വളരെ ദൂരം മുന്നോട്ടുപോകേണ്ടതുണ്ട്. നേതൃത്വങ്ങൾ മാറിയാലും ക്രിസ്തു സ്ഥാപിച്ച സഭ നിലനിൽക്കേണ്ടതായിട്ടുണ്ട്. അതിനാൽ പ്രായോഗികാഭിമുഖ്യമുള്ള വിശ്വാസപരിശീലനം അല്മായർക്ക് നൽകേണ്ടതിന്റെ ആവശ്യകതയെ സഭയുടെ ഔദ്യോഗിക പ്രബോധനങ്ങൾ ചൂണ്ടിക്കാട്ടുന്നുണ്ട്. അല്മായ വൈദിക വേർതിരിവു കൂടാതെ കൂട്ടായ്മയുടെ കാഴ്ചപ്പാടിൽ സഭയെ കാണുമ്പോഴാണ് അല്മായർക്ക് സഭയിൽ സജീവത്വവും പങ്കാളിത്തവും ഉണ്ടാകുന്നത്. ഭാരതസഭയിൽ അല്മായ സാന്നിധ്യം പിന്നോക്കം പോകുന്നതു പ്രത്യേകിച്ചു സാമൂഹിക രാഷ്ട്രീയ രംഗത്താണ്. നവീകരണപ്രസ്ഥാനങ്ങളുടെ പശ്ചാത്തലത്തിൽ ആത്മീയരംഗത്ത് ഉണർവ്വോടെ പ്രവർത്തിക്കുന്ന അല്മായരുണ്ടായിട്ടുണ്ട്. ഈ ഉണർവ്വ് സഭയുടെ വളർച്ചയ്ക്ക് എത്രമാത്രം ഉതകുന്നുണ്ടെന്ന് ചിന്തിക്കണം.

വിശ്വാസത്തോടുള്ള പ്രതിബദ്ധത ദൈവാലയ കർമ്മങ്ങളിൽ ഒതുങ്ങുകയും സാമൂഹിക രാഷ്ട്രീയ രംഗത്തേയ്ക്കിറങ്ങുമ്പോൾ വിശ്വാസവിരുദ്ധമായ പ്രത്യയശാസ്ത്രങ്ങളും സമീപന

ങ്ങളും ഉൾക്കൊണ്ട് പ്രവർത്തിക്കുന്ന അവസ്ഥയിലേയ്ക്ക് പലപ്പോഴും അല്മായർ; പ്രത്യേകിച്ച് യുവാക്കൾ വഴുതിവീണിട്ടുണ്ട്. സാമൂഹിക രാഷ്ട്രീയ രംഗത്ത് സത്യത്തിനും നീതിക്കുംവേണ്ടി നിലകൊള്ളാനും ഒരു തിരുത്തൽ ശക്തിയായി പ്രവർത്തിക്കാനും എങ്ങനെ അല്മായരെ ബോധവൽക്കരിക്കാം എന്നത് ഇന്നത്തെ സാഹചര്യത്തിൽ സഭയുടെ മുമ്പിലെ വലിയൊരു വെല്ലുവിളിയാണ്.

**ഭാരതസഭ വളരണം**

വിദ്യാഭ്യാസ, ആരോഗ്യ, നിയമ മേഖലകളിൽ കാർഷിക, സാമൂഹ്യ സേവന, സാംസ്കാരിക, രാഷ്ട്രീയ തലങ്ങളിൽ, സർക്കാർ , അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ, വാണിജ്യ, വ്യവസായ സംരംഭങ്ങളിൽ എന്നുവേണ്ട ജീവിതത്തിന്റെ സമസ്ത മേഖലകളിലുമുള്ള സഭാമക്കളെ സഭയുടെ ദേശീയമുഖ്യധാരയിൽ ഉയർത്തിക്കാട്ടിയും ശക്തിപ്പെടുത്തിയും സഭയ്ക്ക് പുതിയ മുഖവും പുത്തൻ ഉണർവ്വും സാധ്യമാക്കേണ്ടിയിരിക്കുന്നു.

വരുംനാളുകളിൽ വലിയ പ്രതിസന്ധികളെയായിരിക്കും ഭാരതസഭ നേരിടേണ്ടിവരുന്നത്. വളർന്നുകൊണ്ടിരിക്കുന്ന ഭീകരപ്രസ്ഥാനങ്ങൾക്കു മുന്നിൽ വിശ്വാസികളുടെ ജീവനും സുരക്ഷിതത്വവും പോലും നമുക്ക് ഉറപ്പാക്കാനാവില്ല. ഇത് തിരിച്ചറിയണമെങ്കിൽ ഇന്ത്യയുടെ മാറിക്കൊണ്ടിരിക്കുന്ന സാമൂഹ്യ രാഷ്ട്രീയ മേഖലകളെക്കുറിച്ച് സഭാനേതൃത്വവും വിശ്വാസിസമൂഹവും കൂടുതൽ അറിയുകയും പഠിക്കുകയും വേണം. എതിർപ്പുകളും ആക്ഷേപ അവഹേളനങ്ങളും നിരന്തരം നേരിടേണ്ടിവരും. സഭയുടെ സേവനശുശ്രൂഷാ മേഖലകളിലേയ്ക്കും ആത്മീയ തലങ്ങളിലേയ്ക്കും ഈ എതിർപ്പുകളിന്ന് വ്യാപിക്കുന്നു. ഭരണഘടന വാഗ്ദാനം ചെയ്യുന്ന അവകാശങ്ങളിന്മേലുള്ള നീതിപോലും നിഷേധിക്കുമ്പോൾ നിശബ്ദരായി നോക്കിയിരിക്കാനേ നമുക്കാകുന്നുള്ളൂ. മൗലിക അവകാശങ്ങൾ പോലും റദ്ദ്ചെയ്യുന്നതിന് നാം സാക്ഷികളാകേണ്ടിവരും. സഭാവിരുദ്ധ ശക്തികളും ചിന്തകളും വിശ്വാസിസമൂഹത്തിലേയ്ക്ക് അനുദിനം കടന്നുകൂടി കരുത്താർജിക്കുകയാണ്. ആത്മീയതയെ അട്ടിമറിച്ച് സമ്പത്തും സ്ഥാപനങ്ങളും സഭയിൽ ഇടംതേടുന്നതിന്റെ ഭവിഷ്യത്തുകൾ ഭിന്നതകളുടെയും പരസ്പരം പോരടിക്കുന്നതിന്റെയും രൂപത്തിൽ സഭയേയും സഭാമക്കളേയും പൊതുസമൂഹത്തിൽ അപഹാസ്യപ്പെടുത്തുന്നു. എല്ലാം മാധ്യമസൃഷ്ടിയെന്ന് പറഞ്ഞ് വീഴ്ചകളിൽ നിന്ന് ഒളിച്ചോടാൻ ശ്രമിക്കാതെ തിരുത്തലുകൾക്ക് തയ്യാറാകുവാൻ നമുക്ക് കഴിയേണ്ടിയിരിക്കുന്നു. സഭാസംവിധാനങ്ങളിൽ അല്മായ പങ്കാളിത്തം സജീവമാക്കി ഇതിൽ നിന്നൊരു മാറ്റവും ഉയർത്തെഴുന്നേൽപ്പുമുണ്ടാകണം. റീത്തുകളുടെയും രൂപതകളുടെയും പേരിൽ വിഘടിച്ചുനിൽക്കാതെ ആചാരപാരമ്പര്യ അനുഷ്ഠാനങ്ങൾ നിലനിർത്തിക്കൊണ്ടുതന്നെ, ഭാരതത്തിലെ കത്തോലിക്കാ വിശ്വാസിസമൂഹത്തെ ഒരൊറ്റക്കാഴ്ചപ്പാടിൽ കോർത്തിണക്കി ദേശീയതലത്തിൽ സഭാനേതൃത്വത്തിന് കരുത്തേകി അല്മായസമൂഹത്തിന്റെ ഒരു നവനേതൃത്വനിര പടുത്തുയർത്തുവാനും സഭയിൽ പുതിയൊരു അല്മായ മുഖം സൃഷ്ടിക്കുവാനുമുള്ള ശ്രമങ്ങൾ ശക്തമാക്കേണ്ടത് അടിയന്തരമാണ്.

**ഷെവലിയർ അഡ്വ.വി.സി.സെബാസ്റ്റ്യൻ**
**ചീഫ് എഡിറ്റർ**

# റോമേനിയൻ ജനതയോട് മാപ്പിരന്ന് ഫ്രാൻസിസ് മാർപാപ്പാ

**ജോസ് കുമ്പിളുവേലിൽ, ജർമ്മനി**

ബുക്കാറസ്റ്റ്: കിഴക്കൻ യൂറോപ്യൻ രാജ്യമായ റോമേനിയയിൽ മൂന്നുദിവസത്തെ പര്യടനം പൂർത്തിയാക്കി ഫ്രാൻസിസ് മാർപാപ്പാ വത്തിക്കാനിലേയ്ക്കു മടങ്ങി. റോമേനിയായിലെ ഒട്ടേപെനി വിമാനത്താവളത്തിൽ ഇറങ്ങിയ മാർപാപ്പായെ പ്രസിഡന്റ് ക്ലോസ് അയോവാനിസ് പ്രസിഡന്റിന്റെ കൊട്ടാരത്തിൽ ഔപചാരിക സ്വീകരണം നൽകി സ്വീകരിച്ചു. പ്രധാനമന്ത്രി വിക്ടോറിയ ഡാൻസിലയുമായും കൂടിക്കാഴ്ച നടത്തി. തുടർന്ന് നടന്ന സമ്മേളനത്തിൽ പ്രസംഗിച്ച പാപ്പാ സാംസ്കാരികവും ആത്മീയവുമായ വേരുകൾ സ്മരണയിൽ വരുത്തണമെന്ന് റൊമാനിയക്കാരോട് ആഹ്വാനം ചെയ്തു. പുരോഗതി കാരണമുണ്ടാകുന്ന പ്രതിബന്ധങ്ങൾ കാണാതെ പോകരുത്. രാഷ്ട്രീയവും മതപരവുമായ അധികാരസ്ഥാനങ്ങൾ തമ്മിൽ കൂടുതൽ സഹകരണം ഉറപ്പാക്കണമെന്നും പറഞ്ഞു.

മാർപാപ്പയ്ക്കു നൽകിയ സ്വീകരണ പരിപാടിയിൽ റൊമാനിയൻ ഓർത്തഡോക്സ് സഭാധ്യക്ഷൻ പാട്രിയാർക്ക് ഡാനിയലും, ജൂത, മുസ്ലിം മതമേലധ്യക്ഷൻമാരും പങ്കെടുത്തു. റൊമാനിയൻ ജനതയിൽ എൺപതുശതമാവും ഓർത്ത ഡോക്സ് സഭാംഗങ്ങളാണ്. ആറുശതമാനം പ്രൊട്ടസ്റ്റന്റുകളും. നാലുശതമാനം മാത്രമാണ് ഗ്രീക്ക് കത്തോലിക്കർ.

കത്തോലിക്കരിൽ നിന്നു നേരിട്ട വിവേചനങ്ങളുടെ പേരിൽ റോമാ ജനതയോട് ഫ്രാൻസിസ് മാർപാപ്പ മാപ്പപേക്ഷിച്ചു. റൊമാനിയൻ സന്ദർശനത്തിനിടെ റോമാ ജനതയുമായി നടത്തിയ കൂടിക്കാഴ്ചയിലാണ് മാർപാപ്പ മനസ് തുറന്നത്. നൂറ്റാണ്ടുകളായി യൂറോപ്പിൽ വിവേചനം നേരിടുന്ന നാടോടി ജനവിഭാഗമാണ് റോമാക്കാർ. ഹോളോകോസ്റ്റ് സമയത്തും മറ്റും ഇവരിൽ പതിനായിരക്കണക്കിനാളുകൾ കൊല്ലപ്പെട്ടിട്ടുള്ളതായാണ് കരുതുന്നത്.

നിലവിൽ യൂറോപ്പിന്റെ തെക്ക്, മധ്യ ഭാഗങ്ങളിലാണ് റോമാക്കാർ അധികമുള്ളത്. റൊമാനിയൻ ജനസംഖ്യയിൽ പത്തു



ശതമാനവും ഇവരാണ്. ഇന്നും വിവേചനം കാരണം തങ്ങൾക്കു ജോലികിട്ടാൻ ബുദ്ധിമുട്ടാണെും, ദാരിദ്ര്യത്തിൽ തുടരുകയാണെും ഇവർ മാർപാപ്പയോടു പരാതിപ്പെട്ടു.

ദൈവനാമത്തിലും സഭയുടെ നാമത്തിലും ഞാൻ നിങ്ങളോടു മാപ്പപേക്ഷിക്കുകയാണ്. ചരിത്രത്തിന്റെ ഓരോ ഘട്ടത്തിലും നേരിട്ട വിവേചനങ്ങൾ പൊറുത്തുതരണന്നെും മാർപാപ്പ പറഞ്ഞു. രണ്ടാം ലോകയുദ്ധകാലത്ത് ഫാസിസ്റ്റ് ഭരണത്തിലും, തുടർന്ന് 1989 വരെ കമ്യൂണിസ്റ്റ് ഭരണത്തിലുമായിരുന്നു റൊമാനിയ. എന്നിട്ടും ജനാധിപത്യം വളർത്തിയെടുക്കുന്നതിൽ കാണിച്ച അർപ്പണബോധത്തിന് റൊമാനിയക്കാരെ മാർപാപ്പ അഭിനന്ദിച്ചു. നിലവിൽ യൂറോപ്യൻ കമ്മിഷൻ അധ്യക്ഷപദവിയും റൊമാനിയയ്ക്കാണ്. സമീപ വർഷങ്ങളിൽ ആറുശതമാനം സാമ്പത്തിക വളർച്ചയും രാജ്യത്തിനു കൈവരിക്കാനായിരുന്നു. 1999 ൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പയാണ് ആദ്യമായി റൊമേനിയ സന്ദർശിച്ച മാർപാപ്പാ. ഇരുപതു വർഷങ്ങൾക്കു ശേഷമാണ് വീണ്ടുമൊരു അപ്പസ്തോലിക സന്ദർശനം.

# ഫാ.ജിസിന്റെ ഭാവിജീവിതം ഇനി ക്രിസ്തുവിനോടൊത്ത് സൈനികവേഷത്തിൽ

കൊച്ചി: നിത്യപുരോഹിതനായ ഈശോയുടെ പ്രതിപുരുഷനായി തിരുവസ്ത്രങ്ങളണിഞ്ഞു അൾത്താരകളിൽ ബലിയർപ്പിച്ച ഫാ.ജിസിന്റെ ഭാവിജീവിതം ഇനി രാജ്യസേവനത്തിന്റെ സൈനികവേഷത്തിൽ. പൗരോഹിത്യ ശുശ്രൂഷയ്ക്കൊപ്പം ഇന്ത്യൻ കരസേനയിൽ അംഗമായതിന്റെ സന്തോഷത്തിലാണ് സിഎസ്ടി സന്യസ്തസമൂഹത്തിന്റെ ആലുവ സെന്റ് ജോസഫ് പ്രൊവിൻസ് അംഗമായ ഫാ. ജിസ് ജോസ് കിഴക്കേമംഗലം. സൈന്യത്തിലെ റിലീജിയസ് ടീച്ചർ എന്ന ദൗത്യമാണ് ഫാ.ജോസ് ഇനി നിർവ്വഹിക്കുക. 15 വർഷക്കാലം രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള സൈനിക യൂണിറ്റുകളിൽ അദ്ദേഹം സേവനം ചെയ്യും.






2015 ജനുവരി മൂന്നിനു പൗരോഹിത്യം സ്വീകരിച്ച ഫാ.ജിസ് ആർമിയിലെ സുഹൃത്തുക്കളുടെ പ്രോത്സാഹനങ്ങളോടും സിഎസ്ടി സുപ്പീരിയറിന്റെ അനുമതിയോടും കൂടിയാണ് സൈന്യത്തിൽ ചേരാൻ തീരുമാനിച്ചത്. തുടർന്നു കരസേനയിൽ നായിബ് സുബേദാർ (ജൂണിയർ കമ്മീഷൻഡ് ഓഫീസർ) തസ്തികയിലാണ് സൈനികസേവനം ആരംഭിച്ചത്. പതിനെട്ടുമാസത്തെ കായിക അനുബന്ധ പരിശീലനങ്ങൾ പൂർത്തിയാക്കി പൂനനാഷണൽ ഇന്റഗ്രേഷൻ ഇൻസ്റ്റിറ്റ്യൂട്ടിലായിരുന്നു പാസിംഗ് ഔട്ട് പരേഡ്.

രോഗീസന്ദർശനം നടത്തുക, സേനാംഗങ്ങൾക്ക് ധാർമ്മികവും ആത്മീയവുമായ ഊർജ്ജം പകരുക, വിശ്വാസപരമായ ആഘോഷങ്ങൾക്കും ആചാരങ്ങൾക്കും നേതൃത്വം നൽകുക, മതസൗഹാർദ്ദം വളർത്തുക, സ്ട്രസ് മാനേജ്മെന്റ്, കൗൺസിലിംഗ് എന്നിവയെല്ലാം ഇനി അദ്ദേഹത്തിന്റെ ഉത്തരവാദിത്വങ്ങളിൽപെടുന്നു. എല്ലാ ദിവസവും ദിവ്യബലിയർപ്പിക്കാനും വിശ്വാസാചാരങ്ങൾ നിർവഹിക്കാനും ഈ പദവിയിൽ ഫാ.ജിസിന് അവസരമുണ്ടെന്നതും ശ്രദ്ധേയമാണ്.

# ക്രൈസ്തവവിശ്വാസം വ്യാപിക്കുന്നു; ഇറാനിലെ യാഥാർത്ഥ്യം വേദനയോടെ അംഗീകരിച്ച് മന്ത്രി

ടെഹാറാൻ: കൊന്നൊടുക്കിയാലും തീവ്രമായി പീഡിപ്പിച്ചാലും നിയന്ത്രണങ്ങൾ കൊണ്ടുവന്നാലും ഇരട്ടിയായി വളരുകയേയുള്ളൂ എന്ന ക്രിസ്ത്രീയ ചരിത്ര യാഥാർത്ഥ്യം വേദനയോടെ അംഗീകരിച്ച് ഇറാനിലെ രഹസ്യാന്വേഷണവിഭാഗം മന്ത്രിയായ മുഹമ്മദ് അലവി. തീവ്ര ഇസ്ലാമിക നിയമങ്ങളുള്ള ഇറാനിൽ മുസ്ലീം മതം ഉപേക്ഷിച്ചു ക്രൈസ്തവ വിശ്വാസം സ്വീകരിക്കുന്നവരുടെ എണ്ണത്തിൽ വർദ്ധനവുണ്ടെന്ന് അദ്ദേഹം തുറന്നു സമ്മതിച്ചു. രാജ്യത്തിന്റെ പല ഭാഗങ്ങളിലും ക്രൈസ്തവവിശ്വാസം വളരുന്നുവെന്ന് ഷിയാ മുസ്ലീം പുരോഹിതർക്കു മുന്നിൽ പ്രസംഗിക്കവെയാണ് അദ്ദേഹം ഇക്കാര്യം ആശങ്കയോടെ പങ്കുവെച്ചത്.



നേരത്തെ തന്നെ ഇറാനിൽ മുസ്ലീം മത വിശ്വാസികൾ കൂട്ടത്തോടെ ക്രൈസ്തവ വിശ്വാസം സ്വീകരിക്കുന്നുണ്ടെന്ന് വിവിധ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. തന്റെ മനസിലുള്ള ആശങ്കയെ ലഘൂകരിക്കാനായി മതം മാറുന്ന മുസ്ലീം മതവിശ്വാസികൾ സാൻവിച്ചോ അതിനു സമാനമായ സാധനങ്ങളോ വിൽക്കുന്നവരുമാണെന്ന വിചിത്രവാദവും പ്രസംഗത്തിനിടയിൽ അദ്ദേഹം ഉന്നയിച്ചു. എന്തുകൊണ്ടാണ് അവർ മതംമാറുന്നതെന്ന് ചോദിക്കുകയല്ലാതെ മറ്റുവഴികൾ നമ്മുടെ മുമ്പിൽ ഇല്ല. പലരും തന്നോട് പറയുന്നത് തങ്ങൾക്ക് സമാധാനം നൽകുന്ന ഒരു മതം വേണമെന്നാണെന്നും മുഹമ്മദ് അലവി വെളിപ്പെടുത്തി. ഇസ്ലാമാണ് സാഹോദര്യത്തിന്റെയും സമാധാനത്തിന്റെയും മതമെന്ന് തങ്ങൾ പറഞ്ഞുകൊടുത്തപ്പോൾ തങ്ങളോട് മുസ്ലീം പള്ളികളിൽ പ്രസംഗിക്കുന്ന പുരോഹിതർ പരസ്പരം എതിർത്തു സംസാരിക്കുന്നതാണ് തങ്ങൾ കാണുന്നതെന്നും ഇസ്ലാം സൗഹാർദ്ദത്തിന്റെയും സമാധാനത്തിന്റെയും മതമാണെങ്കിൽ പുരോഹിതർ തമ്മിലല്ലേ ആദ്യം സൗഹാർദ്ദവും സമാധാനവും വേണ്ടതെന്ന് അവർ തിരിച്ചു ചോദിച്ചുവെന്നും മുഹമ്മദ് അലവി കൂട്ടിച്ചേർത്തു. ആളുകൾ ഇസ്ലാം മതത്തിൽ നിന്ന് കൊഴിഞ്ഞുപോകുന്നത് തങ്ങളുടെ കൺമുമ്പിൽ നടക്കുന്ന സംഭവമാണ് എന്ന യാഥാർത്ഥ്യത്തെ ഒരിക്കൽകൂടി സ്ഥിരീകരിച്ചുകൊണ്ടാണ് അദ്ദേഹം തന്റെ സന്ദേശം അവസാനിപ്പിച്ചത്.

ക്രൈസ്തവവിശ്വാസികൾ ക്രൂരമായി പീഡിപ്പിക്കപ്പെടുന്ന രാജ്യങ്ങളിൽ മുൻപന്തിയിലാണ് ഇന്ന് ഇറാൻ. ഓപ്പൺ ഡോർസ് സംഘടനയുടെ കണക്കുകൾ പ്രകാരം ക്രൈസ്തവ വിശ്വാസികളെ ഏറ്റവും ക്രൂരമായി പീഡിപ്പിക്കുന്നതിൽ ഇറാൻ ഒമ്പതാം സ്ഥാനത്താണ്. ക്രൈസ്തവർക്ക് തങ്ങളുടെ വിശ്വാസം മറ്റുള്ളവർക്ക് പറഞ്ഞുകൊടുക്കുന്നതിന് രാജ്യത്തു വിലക്കുണ്ട്. ക്രൈസ്തവവിശ്വാസത്തിന്റെ ത്വരിതഗതിയിലുള്ള വളർച്ച ഭരണകൂടത്തിന് തലവേദനയായപ്പോൾ ഇസ്ലാം മതം ഉപേക്ഷിച്ച് ക്രൈസ്തവവിശ്വാസം സ്വീകരിക്കുന്നവർക്ക് തടവ് ശിക്ഷ കൊണ്ടുവരാൻ രാജ്യത്ത് നീക്കങ്ങൾ നടത്തിയിരുന്നു.

# ഭൂമിയിൽ ദൈവരാജ്യം സ്ഥാപിക്കേണ്ടതു സഭയുടെ പ്രധാന ഉത്തരവാദിത്വം: കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി

കൊച്ചി: സുരക്ഷിതത്വം നോക്കാതെയും പകച്ചുനിൽക്കാതെയും പൊതുസമൂഹത്തോടു സംവദിച്ചു ഭൂമിയിൽ ദൈവരാജ്യം സ്ഥാപിക്കേണ്ടതു സഭയുടെ പ്രഥമവും പ്രധാനവുമായ ഉത്തരവാദിത്വമാണെന്നു സീറോ മലബാർ സഭ മേജർ ആർച്ച്ബിഷപ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി. കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ കമ്മീഷനുകളുടെയും കമ്മിറ്റികളുടെയും സെക്രട്ടറിമാരുടെയും ഓഫീസ് സെക്രട്ടറിമാരുടെയും ഈ വർഷത്തെ പ്രഥമയോഗം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ഈശോയാകുന്ന യഥാർത്ഥ ജ്ഞാനം സ്വീകരിച്ച പൂജരാജാക്കന്മാർ ശരിയായ പാതയിൽ സഞ്ചരിച്ചതുപോലെ കാലാകാലങ്ങളിൽ സഭ നൽകുന്ന പ്രബോധനങ്ങൾ ഉൾക്കൊണ്ടു സഭയുടെ മുഖ്യധാരയിൽ പ്രവർത്തിക്കേണ്ടവരാണു സഭാശുശ്രൂഷകരെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. സീറോ മലബാർ സഭയുടെ കൂരിയ മെത്രാൻ മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ അധ്യക്ഷതവഹിച്ച യോഗത്തിൽ



മേജർ ആർക്കി എപ്പിസ്കോപ്പൽ ചാൻസിലർ റവ.ഡോ. വിൻസന്റ് ചെറുവത്തൂർ, ഫിനാൻസ് ഓഫീസർ ഫാ.ജോസഫ് തോലാനിക്കൽ എന്നിവർ പ്രസംഗിച്ചു.

# ബുർക്കിനാഫാസോയിൽ വീണ്ടും ക്രൈസ്തവ നരഹത്യ: നാലു വിശ്വാസികൾ കൂടി കൊല്ലപ്പെട്ടു

വാഹിഗോയ: ആഫ്രിക്കൻ രാജ്യമായ ബുർക്കിനാ ഫാസോയിൽ വീണ്ടും ക്രൈസ്തവ നരഹത്യ. ഇക്കഴിഞ്ഞ മെയ് 14ന് കന്യകാമാതാവിന്റെ തിരുസ്വരൂപം വഹിച്ച് വാഹിഗോയ പട്ടണത്തിൽ പ്രദക്ഷിണം നടത്തിയ നാലു കത്തോലിക്കാവിശ്വാസികളെ തോക്കുധാരികൾ വെടിവെച്ചുകൊന്നു. വെടിയുതിർത്തശേഷം തിരുസ്വരൂപം അക്രമികൾ കത്തിച്ചു. കഴിഞ്ഞ ദിവസം ഡാബ്ലോയിലെ കത്തോലിക്കാ ദൈവാലയത്തിൽ വൈദികനെയും അഞ്ചു വിശ്വാസികളെയും കൊലപ്പെടുത്തിയതിന്റെ പിറ്റേന്നാണ് ഈ അക്രമണം.

ഡാബ്ളോയിലെ പള്ളിയിൽ ഞായറാഴ്ച വിശുദ്ധ കുർബാനയ്ക്ക് എത്തിയവരാണ് ആക്രമണത്തിനിരയായത്. കഴിഞ്ഞ ഒരു മാസത്തിനിടെ രാജ്യത്തുണ്ടായ മൂന്നാമത്തെ ക്രൈസ്തവ നരഹത്യയാണ് ഇത്. ഫ്രാൻസിന്റെ കോളനിയായിരുന്ന ബുർക്കിനോ ഫാസോയിൽ ഇസ്ലാമിക് സ്റ്റേറ്റ്, അൽക്വയ്ദ തീവ്രവാദികളും പ്രാദേശിക തീവ്രവാദിസംഘടനയായ അൻസറുൽ ഇസ്ലാം എന്ന സംഘടനയും സജീവമാണ്.




# വ്യാജമതനിന്ദ കുറ്റത്തിന്റെ പേരിൽ പാക്ക് ക്രൈസ്തവ ദമ്പതികൾക്ക് വധശിക്ഷ

ഇസ്ലാമബാദ്: ആസിയ ബീബിക്ക് സമാനമായി പാക്കിസ്ഥാനിലെ വിവാദ മതനിന്ദ നിയമത്തിന്റെ ഇരകളായ ക്രൈസ്തവ ദമ്പതികൾ നിയമപോരാട്ടത്തിന്. വ്യാജകേസ് ചമച്ച് ഇസ്ലാമിക വിശ്വാസി സമർപ്പിച്ച പരാതിയെത്തുടർന്നാണ് ഷഗുഫ്ത കൗസർ ഭർത്താവ് ഷഫ്ഖത്ത് മസീഹ് എന്നിവർ വധശിക്ഷ വിധിക്കപ്പെട്ടു തടവിൽ കഴിയുന്നത്. നിരക്ഷരരായ കൗസർ ഖുറാനും ഇസ്ലാമിനുമെതിരായ സന്ദേശങ്ങൾ മൊബൈലിൽ നിന്നും മെസേജ് ആയി അയച്ചെന്നാണ് കേസ്. എന്നാൽ കേസ് കെട്ടിച്ചമച്ചതാണെന്ന് ഇവരുടെ അഭിഭാഷകനും ആസിയയ്ക്കുവേണ്ടി കോടതിയിൽ വാദിക്കുകയും ചെയ്ത സൈഫുൾ മാലൂക്ക് പറയുന്നു.

കുട്ടികൾ തമ്മിലുള്ള വഴക്കിന്റെ പേരിൽ മുഹമ്മദ് ഹുസൈൻ എന്നയാളാണ് ഇവർക്കെതിരെ മോസ്കിൽ പരാതി




പറഞ്ഞത്. പിന്നീടിത് തത്പരകക്ഷികളുടെ ഇടപെടലിനെ തുടർന്ന് കേസാക്കി മാറ്റുകയായിരുന്നു. കൗസറിന്റെ ഐഡന്റിറ്റി നമ്പർ ഉപയോഗിച്ചു വ്യാജമായി സിംകാർഡ് വാങ്ങിയ ഒരു അയൽക്കാരന് കേസിനു കാരണമായ സന്ദേശങ്ങൾ അയച്ചതെന്നു പിന്നീട് വ്യക്തമായി. ബ്രിട്ടീഷ് പാക്കിസ്ഥാനി ക്രിസ്ത്യൻ അസോസിയേഷൻ (ബിപിസിഎ) ആണ് ഇവരുടെ വിഷയത്തിൽ ഇടപെട്ടിരിക്കുന്നത്.

2014ൽ തോബാ തേക്സിംഗ് ജില്ലാ കോടതിയിലെ ജഡ്ജി മിയാൻ അമീർ ഹബീബ് ഇവർക്ക് വധശിക്ഷ വിധിച്ചു. മുൻപ് ആസിയ ബീബി കഴിഞ്ഞ മുൾട്ടാനിലെ ജയിലിലാണ് കൗസർ. 240 കിലോമീറ്റർ അകലെ ഫൈസലാബാദ് ജയിലിലാണ് ഭർത്താവ് മസീഹ് കഴിയുന്നത്. അരയ്ക്കു കീഴെ തളർന്ന് ആളാണ് മസീഹ്. പഞ്ചാബിലെ ഗോജ്ര പട്ടണക്കാരാണ് ഇവർ. കൗസർ അവിടെ സെന്റ് ജോൺസ് ഗേൾസ് ഹൈസ്കൂളിൽ ആയയാണ്. ഇപ്പോൾ 9 മുതൽ 15 വരെ വയസ്സുള്ള നാലുകുട്ടികൾ ഇവർക്കുണ്ട്. ഭർതൃസഹോദരിയാണ് അവരെ നോക്കുന്നത്. ദമ്പതികളുടെ മോചനത്തിനായി പ്രാർത്ഥനയോടെ നിയമപോരാട്ടം തുടരുകയാണ് ബ്രിട്ടീഷ് പാക്കിസ്ഥാനി ക്രിസ്ത്യൻ അസോസിയേഷൻ.

# ശ്രീലങ്കൻ സ്ഫോടന പരമ്പര: മുസ്ലീം നേതാക്കൾ ക്ഷമാപണം നടത്തി





കൊളംബോ: ശ്രീലങ്കയിൽ ഈസ്റ്റർ ദിനത്തിൽ നൂറുകണക്കിന് നിരപരാധികളുടെ മരണത്തിനിടയാക്കിയ സ്ഫോടന പരമ്പരയുടെ പേരിൽ മുസ്ലീം മതനേതാക്കൾ ക്ഷമാപണം നടത്തി. മെയ് 14ന് കൊളംബോയിൽ വിളിച്ചുചേർത്ത പ്രത്യേക വാർത്താസമ്മേളനത്തിലാണ് ദി ഓൾ സിലോൺ ജാമിയത്തുൾ ഉലമയുടെ പ്രാദേശിക പ്രസിഡന്റായ മൗലവി ഫാറൂദ് ഫാറൂഖ് രാജ്യത്തെ മുഴുവൻ മുസ്ലീം സമുദായത്തിനുംവേണ്ടി ക്ഷമ ചോദിച്ചത്. മെത്തഡിസ്റ്റ് സഭാമെത്രാൻ അസീരി പെരേര, സിലോൺ പ്രൊട്ടസ്റ്റന്റ് സഭയുടെ കൊളംബോ രൂപത മെത്രാൻ ദിലോരാജ് കനഗസബൈ എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തിരുന്നു. ഈ ആക്രമണവുമായി രാജ്യത്തെ മുസ്ലീം സമുദായത്തിന് യാതൊരു ബന്ധവുമില്ലന്നും ചില തീവ്രവാദിസംഘടനകളുടെ ക്രൂരമായ പ്രവൃത്തിയാണിതെന്നും അദ്ദേഹം പറഞ്ഞു. നിന്ദ്യമായ ഈ ആക്രമണത്തിന്റെ പിന്നിൽ പ്രവർത്തിച്ചിരിക്കുന്നവർ മതമോ ദൈവവിശ്വാസമോ ഇല്ലാത്തവരാണെന്നും അതുകൊണ്ടാണ് അവരുടെ മൃതദേഹങ്ങൾ ഇസ്ലാമിക സെമിത്തേരികളിൽ അടക്കാതിരുന്നതെന്നും ഖുറാനിലോ, പ്രവാചകനോ ഇത്തരം പ്രവർത്തികളെക്കുറിച്ച് യാതൊരു പരാമർശവും നടത്തിയിട്ടില്ലെന്നും അദ്ദേഹം വിവരിച്ചു. 2014ൽ ഇസ്ലാമിക് സ്റ്റേറ്റിനെക്കുറിച്ച് കേട്ടപ്പോൾതന്നെ മുസ്ലീങ്ങൾക്ക് അവരുമായി യാതൊരു ബന്ധവുമില്ലെന്ന് തങ്ങൾ വ്യക്തമാക്കിയതാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

അക്രമങ്ങൾ ഒഴിവാക്കണമെന്നും സമാധാനം പാലിക്കണമെന്നുമാണ് വാർത്താസമ്മേളനത്തിൽ പങ്കെടുത്ത ക്രിസ്ത്യൻ നേതാക്കൾ അഭ്യർത്ഥിച്ചത്. ഞങ്ങൾ മുഴുവൻ മുസ്ലീങ്ങൾക്കും ഒരു സന്ദേശം നൽകാൻ ആഗ്രഹിക്കുന്നു. ഞങ്ങൾ നിങ്ങളോട് ക്ഷമിച്ചിരിക്കുന്നു. നിങ്ങളല്ല ഇതു ചെയ്തത്. ഇത് ചെയ്തവർ നിങ്ങളുടെ പേരിൽ കളങ്കം വരുത്തുകയാണ് ചെയ്തത്-മെത്രാൻ പെരേര പറഞ്ഞു. കുരിശുമരണം വരിച്ച യേശുവാണ് നിങ്ങളോട് ക്ഷമിക്കേണ്ടതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. രാജ്യത്തിന്റെ നിയമങ്ങൾ പാലിക്കുവാനും അക്രമങ്ങളിൽ നിന്നും ഒഴിഞ്ഞുനിൽക്കുവാനുമാണ് മെത്രാൻ കനഗസബൈ ആവശ്യപ്പെട്ടത്. ലോകത്തെ ഞെട്ടിച്ച ഏപ്രിൽ 21 ലെ കൂട്ടക്കൊലയുടെ ഉത്തരവാദിത്വം ഇസ്ലാമിക് സ്റ്റേറ്റ് ഏറ്റെടുത്തുവെങ്കിലും പ്രാദേശിക സംഘടനയായ നാഷണൽ തൗഹീദ് ജമാഅത്താണ് ഈ അക്രമങ്ങളുടെ പിന്നിലെന്നാണ് സർക്കാർ ഭാഷ്യം. സ്ഫോടന പരമ്പരയിൽ നടുങ്ങിവിറച്ചിരിക്കുന്ന ശ്രീലങ്കൻ ജനതയ്ക്ക് അല്പമെങ്കിലും ആശ്വാസം പകരുന്നതായിരുന്നു ഈ വാർത്താസമ്മേളനം.

# Nun who started congregation to care for mentally ill women



Thiruvananthapuram: Sister Roselin Chirayil left the Daughters of Mary to start a new order solely dedicated to caring for women with mental illnesses who live in poverty. Her Sisters of Mercy congregation works with women who often hit and bite her and her sisters.

Chirayil has looked after more than 600 such women at her two psycho-social rehabilitation centers in Kerala, southern India. More than 300 women have been rehabilitated, provided skills training that enables them to earn a living, and returned home. She recently won the Care and Share International Humanitarian of the Year Award.

# Indian nun rescues children affected by HIV/AIDS in Kenya

Samburu, May 21, 2019: Sister Lilly Manavalan starts her day at 6 am with a trek for over an hour across a deep valley to reach the streets in a remote region of northern Kenya where she can find vulnerable children living with HIV.

On a normal day, she takes two children who have lost their parents and are themselves infected with the virus to St. Clare Girls' Centre in Nchiru, Kenya, where she gives them a home with love, and a future with promise while offering them a new beginning in Christ.



"This is my passion and I really like being with the poor people," said the Franciscan Clarist nun. "I feel very happy and satisfied when I assist the poor, especially those suffering from HIV/AIDS."

Manavalan, who is from Kerala state on the southwestern India, is a nurse at St. Clare Centre. She has passion and resilience to help impoverished people, many living with HIV. She developed the desire to work in northern Kenya after her colleague informed her that many people in this part of the world had no knowledge about HIV, AIDS or sexual health, she said.

# സഭയുടെ കെട്ടുറപ്പും വിശ്വാസ്യതയും തകർക്കാൻ ആരെയും അനുവദിക്കരുത്: ലെയ്റ്റി കൗൺസിൽ

കോട്ടയം: ക്രൈസ്തവ സമൂഹത്തിന്റെ വിശ്വാസജീവിതത്തെയും സഭാചൈതന്യത്തെയും വെല്ലുവിളിച്ചുകൊണ്ട് നാളുകളായി വിവിധ സഭകൾക്കുള്ളിൽ നിലനിൽക്കുന്ന ചേരിതിരിവിനും ഭിന്നതയ്ക്കും അടിയന്തര അവസാനമുണ്ടാകണമെന്നും ചില ആനുകാലിക സംഭവങ്ങൾ വിശ്വാസിസമൂഹത്തിൽ വലിയ ഇടർച്ചയ്ക്കും സഭാസംവിധാനത്തോടുള്ള അകൽച്ചയ്ക്കും ഇടനൽകിയിരിക്കുന്നത് വൈദികസമൂഹവും സഭാനേതൃത്വങ്ങളും തിരിച്ചറിഞ്ഞ് കെട്ടുറപ്പിനും ഐക്യത്തിനുമായി ഉറച്ചനിലപാടെടുക്കണമെന്നും കാത്തലിക് ബിഷപ്സ് കോൺഫറൻസ് ഓഫ് ഇൻഡ്യ (സിബിസിഐ) ലെയ്റ്റി കൗൺസിൽ സെക്രട്ടറി ഷെവലിയാർ അഡ്വ.വി.സി.സെബാസ്റ്റ്യൻ ആവശ്യപ്പെട്ടു.

ലോകത്താകമാനം ക്രൈസ്തവർക്കുനേരെ ഭീകരപ്രസ്ഥാനങ്ങൾ അക്രമങ്ങൾ നിരന്തരമായി തുടരുമ്പോൾ വിവിധ ക്രൈസ്തവ സമൂഹങ്ങൾ ഒറ്റക്കെട്ടായി പ്രവർത്തിക്കേണ്ട സമയത്ത് സഭകൾക്കുള്ളിൽ തന്നെ ഭിന്നതകൾ രൂപപ്പെടുന്നത് ദുഃഖകരമാണ്. ക്രൈസ്തവർക്കുനേരെ ശ്രീലങ്കയിൽ ഈസ്റ്റർ ദിനത്തിലുണ്ടായ ഭീകരാക്രമണം നാം മറന്നിട്ടില്ല. ഭീകരർക്ക് കേരളവുമായുള്ള ബന്ധവും ആശങ്കയുണർത്തുന്നു. നിലനിൽപ്പിനും വിശ്വാസസംരക്ഷണത്തിനുമായി ക്രൈസ്തവസഭകൾ പരസ്പരം സഹകരിച്ചുള്ള കൂട്ടായ്മ അടിയന്തരമായിരിക്കുമ്പോൾ ഭിന്നിച്ചുനിന്ന് കലഹിച്ച് നശിക്കുന്നത് യാതൊരുകാരണവശാലും അനുവദിച്ചുകൊടുക്കാനാവില്ല.

വിശ്വാസജീവിതത്തെയും വിശ്വാസിസമൂഹത്തെയും ക്രൈസ്തവ സേവനശുശ്രൂഷകളെയും മറന്ന് അധികാരവും സമ്പത്തും സ്ഥാപനങ്ങളും സഭയുടെ നാശത്തിന് വഴിതെളിച്ചിരിക്കുന്നുവെന്നതിന്റെ പ്രകട ഉദാഹരണമാണ് ഇപ്പോൾ വിവിധ സഭാവിഭാഗങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്. സമ്പത്തിന്റെ പേരിലും അതിന്റെ ഉപയോഗത്തിന്റെ മറവിലും പരസ്പരം പോരടിച്ചും ആക്ഷേപിച്ചും കോടതിവ്യവഹാരങ്ങളിലേർപ്പെട്ടും വിശ്വാസികളെ തെരുവിലിറക്കിയും സഭകൾക്കുള്ളിൽ ഭിന്നത സൃഷ്ടിച്ചും സ്വയം അപമാനമേറ്റുവാങ്ങുന്നത് ആത്മഹത്യാപരമാണ്.

രാഷ്ട്രീയപാർട്ടികളെപ്പോലെ വർത്തിക്കേണ്ടവരല്ല ആത്മീയ ശുശ്രൂഷാകേന്ദ്രങ്ങളായ ക്രൈസ്തവ സഭകൾ. അനുരഞ്ജനവും സ്നേഹത്തിന്റെ പങ്കുവയ്ക്കലും നടപ്പിലാക്കുവാൻ ഉത്തരവാദിത്വപ്പെട്ടവർ വീറും വാശിയും കാണിച്ച് സഭയെ തകർക്കാൻ ശ്രമിക്കുന്നത് ദുഃഖകരമാണ്. തലമുറകളായി നാം കാത്തുസൂക്ഷിക്കുന്നതും പങ്കുവയ്ക്കുന്നതുമായ ക്രിസ്തീയമൂല്യങ്ങളേയും വിശ്വാസങ്ങളേയും ആത്മീയ ആചാരാനുഷ്ഠാനങ്ങളെയും തച്ചുടച്ച്, പൊതുസമൂഹം ക്രൈസ്തവർക്ക് കല്പിച്ചിരുന്ന നിലയും വിലയും ഇല്ലാതാക്കുവാൻ ചില കേന്ദ്രങ്ങൾ ബോധപൂർവ്വം ശ്രമിക്കുന്നത് എതിർക്കപ്പെടേണ്ടതാണ്.

ആയിരക്കണക്കിന് വൈദികരുടെയും സന്യാസിനികളുടെയും അല്മായരുടെയും കഷ്ടപ്പാടുകളും നഷ്ടപ്പെടലുകളും ആത്മീയ നിറവും സാമൂഹ്യപ്രതിബദ്ധതയുമാണ് ഭാരത ക്രൈസ്തവ സമൂഹത്തെ വളർച്ചയുടെ ഇന്നത്തെ ഉന്നതതലങ്ങളിലേയ്ക്ക് കൈപിടിച്ചുയർത്തിയതെന്ന് സുഭിക്ഷതയുടെ ഈ നാളുകളിൽ പലരും മറന്നുപോകുന്നു. നൂറ്റാണ്ടുകളായി നിസ്വാർത്ഥ സേവനം ചെയ്ത് ആത്മസമർപ്പണം നടത്തിയ പുണ്യാത്മാക്കളുടെ ത്യാഗവും പ്രാർത്ഥനയും കരുത്തും പകർന്നേകിയ സഭയുടെ കെട്ടുറപ്പിനെ ബലക്ഷയമാക്കുന്ന നീക്കങ്ങൾ ഏതുകോണിൽ നിന്നുണ്ടായാലും അതിനെതിരെ വിശ്വാസിസമൂഹം ഒറ്റക്കെട്ടായി വർത്തിക്കണമെന്നും വി.സി.സെബാസ്റ്റ്യൻ അഭ്യർത്ഥിച്ചു.

# പൗരന്മാരുടെ സംരക്ഷണം രാഷ്ട്രീയ പാർട്ടികളുടെ ഔദാര്യമല്ല, സർക്കാരിന്റെ ഉത്തരവാദിത്വമാണ്

കോട്ടയം: ക്രൈസ്തവരുൾപ്പെടെ രാജ്യത്തെ പൗരന്മാരെ സംരക്ഷിക്കേണ്ടത് സർക്കാരും ഭരണഘടനയുമാണെന്നും ക്രൈസ്തവരുടെ സംരക്ഷകരായി സ്വയം ഉത്തരവാദിത്വമേറ്റെടുക്കുവാൻ ഇറങ്ങിത്തിരിച്ചിരിക്കുന്ന ചില രാഷ്ട്രീയ പാർട്ടികൾ രാജ്യത്തുടനീളം നടത്തിയതും ആവർത്തിച്ചുകൊണ്ടിരിക്കുന്നതുമായ ക്രൈസ്തവ പീഢനങ്ങളുടെ ചരിത്രം മറക്കരുതെന്നും സിബിസിഐ ലെയ്റ്റി കൗൺസിൽ സെക്രട്ടറി ഷെവലിയർ അഡ്വ. വി.സി.സെബാസ്റ്റ്യൻ.

എല്ലാ മതങ്ങളെയും സമുദായങ്ങളെയും ഏറ്റം ആദരവോടും ബഹുമാനത്തോടുംകൂടി കാണുന്നവരാണ് ക്രൈസ്തവർ. ഭീകരവാദവും അക്രമവുമല്ല സ്നേഹത്തിന്റെ പങ്കുവയ്ക്കലും സാഹോദര്യവും സമാധാനവുമാണ് ക്രൈസ്തവ സഭകളുടെ മുഖമുദ്ര. രാജ്യത്തുടനീളം ജാതിക്കും മതത്തിനും അതീതമായി ക്രൈസ്തവർ നടത്തുന്ന സേവനശുശ്രൂഷകളിലൂടെ നേട്ടങ്ങൾ ഉണ്ടാക്കുന്നവർതന്നെയാണ് ക്രൈസ്തവർക്കെതിരെ മതവിദ്വേഷവും വർഗ്ഗീയവാദവുമുയർത്തുന്നത്. 2.78 കോടി ക്രൈസ്തവരുള്ള ഇന്ത്യയിലെ ക്രൈസ്തവ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മാത്രം ഇപ്പോൾ പഠിക്കുന്ന ഗുണഭോക്താക്കൾ 9 കോടിയിലേറെയുള്ള വിവിധ മതസ്ഥരാണ്. മൂല്യവും വ്യക്തിത്വവുമുള്ള പൗരന്മാരെയാണ് ഈ സ്ഥാപനങ്ങൾ വാർത്തെടുക്കുന്നത്. ക്രൈസ്തവർ നടത്തുന്ന ആതുര ശുശ്രൂഷാലയങ്ങളിലൂടെയും അനാഥമന്ദിരങ്ങളിലൂടെയും പങ്കുവെയ്ക്കുന്ന വിശിഷ്ടസേവനങ്ങൾക്ക് പകരം വെയ്ക്കാൻ മറ്റെന്തുസംവിധാനമാണ് ക്രൈസ്തവ വിരോധികൾക്ക് ചൂണ്ടിക്കാണിക്കാനുള്ളത്.

വിവിധ രാജ്യങ്ങളിൽ ക്രൈസ്തവർക്കുനേരെ നടക്കുന്ന ആസൂത്രിത ഭീകരാക്രമങ്ങൾ നാളെ ഇന്ത്യയിലും നടക്കുമോയെന്ന ആശങ്ക ക്രൈസ്തവരിലുണ്ട്. രാജ്യാന്തര ഭീകരപ്രവർത്തനങ്ങളുടെ ഗൂഢാലോചനാകേന്ദ്രം ഇന്ത്യയിലാണെന്നുള്ള വാർത്തകൾ ഞെട്ടിപ്പിക്കുന്നതാണ്. രാഷ്ട്രീയ പാർട്ടികൾക്കല്ല ശക്തമായ സർക്കാർ സംവിധാനങ്ങൾക്കു മാത്രമേ ഇതിനെ പ്രതിരോധിക്കാനാവൂ. അധികാരത്തിലിരിക്കുന്നവർ രാഷ്ട്രീയ വിധേയത്വത്തിന്റെ പേരിൽ ഭീകരപ്രസ്ഥാനങ്ങൾക്ക് ഒത്താശചെയ്യുന്ന വർഗ്ഗീയവാദികൾക്കെതിരെ ശക്തമായ നിലപാടെടുക്കാത്തത് ദുഃഖകരമാണ്. ഭീകരപ്രവർത്തനങ്ങളും ജനങ്ങളെ കൊന്നൊടുക്കിയുള്ള മതപ്രചരണവും ക്രൈസ്തവ മാർഗ്ഗമല്ല. ഭീകരപ്രവർത്തനങ്ങളിലും ആഭ്യന്തരയുദ്ധത്തിലും എല്ലാം നഷ്ടപ്പെട്ട് പലായനം ചെയ്ത അഭയാർത്ഥികളെ രണ്ടുകരങ്ങളും നീട്ടി സ്വീകരിച്ച്, ശുശ്രൂഷിച്ച യൂറോപ്യൻ രാജ്യങ്ങൾ സ്വയം അപകടങ്ങൾ ഏറ്റുവാങ്ങിയിട്ടും ക്രൈസ്തവർ ലോകത്തൊരിടത്തും അടിസ്ഥാന ക്രൈസ്തവമൂല്യങ്ങളിൽ നിന്ന് വ്യതിചലിച്ചിട്ടില്ല.

Dr. P.M. Chacko Palakunnel
Mob: 9746085144



# "ഞാൻ മണ്ടൻ, ഒരിക്കലും നന്നാവില്ല"

തോമസ് കൂലിപ്പണിക്കാരനാണ്. തോമസിന്റെ പിതാവും അങ്ങനെതന്നെ ആയിരുന്നു. തോമസിന് രണ്ട് ആൺമക്കളുണ്ട്. തന്റെ മക്കൾ തന്നെപ്പോലെ ആവരുത്, പഠിച്ചുവലിയവരാകണം എന്നു കരുതി പട്ടിണി കിടന്നും ചിലവ് പരമാവധി ചുരുക്കിയും ഒക്കെ മക്കളെ പരമാവധി പഠിപ്പിക്കുവാൻ പരിശ്രമിച്ചു. മക്കൾ രണ്ടുപേരും ഡിഗ്രിക്ക് പഠിക്കുമ്പോഴും അവരെ പോസ്റ്റ് ഗ്രാജ്വേറ്റാക്കാൻ മോഹം തോമസിന്റെ ഉള്ളിൽ വളർന്നു. അവർ ഇടയ്ക്കിടെ കേറ്ററിംഗ് ജോലികൾക്ക് പോകുകയും പണവും മദ്യവും ലഭിച്ചപ്പോൾ അതിലേയ്ക്ക് ആകൃഷ്ടരാകുകയും ചെയ്തു. തോമസിന്റെ മൂത്ത സഹോദരന്റെ മക്കൾ രണ്ടും കൂലിപ്പണിക്കാരാണ്. തോമസിന്റെ മക്കൾ പഠിക്കാൻ പോയപ്പോൾ സഹോദരഭാര്യ അവരെ കളിയാക്കുമായിരുന്നു, കൂലിപ്പണിക്കാരന്റെ മക്കൾ ഇപ്പോൾ കളക്ടറായേക്കുമെന്നു പറഞ്ഞ്. ഇത് അവരുടെ മനസിൽ വേദനയുണ്ടാക്കി. തങ്ങളുടെ പിതാവിന്റെ സാമ്പത്തിക അവസ്ഥയിൽ അധികമൊന്നും ഉയരാൻ സാധ്യതയില്ലെന്ന് അവർക്കും തോന്നി. എന്നാൽ ചെറിയ വരുമാനമേയുള്ളൂവെങ്കിലും ജീവിതം ആസ്വദിക്കാമല്ലോയെന്ന ചിന്തയിൽ കേറ്ററിംഗ് ജോലിയെ അവർ വളരെ ഇഷ്ടപ്പെട്ടു. ഇതിൽ കൂടുതലൊന്നും വളരാൻ കഴിയുകയില്ലെന്ന് അവർ സ്വയം തീരുമാനിച്ചു.

കൂടുതലാളുകളും എന്നും ഒരേതരത്തിൽ ചിന്തിക്കുകയും അതിനനുസരിച്ച് വളർച്ചയില്ലാതെ ജീവിക്കുകയുമാണ് ചെയ്യുക. നാം എന്തു വിശ്വസിക്കണമെന്ന് തീരുമാനിക്കുന്നുവോ അത് നമ്മെ സ്വാധീനിക്കുന്നു. അതുകൊണ്ട് ചിന്തകളെ പരിശോധിക്കുന്നത് നല്ലതാണ്. നിങ്ങൾക്ക് ഒരു സാമ്പത്തിക പ്രതിസന്ധിയുണ്ടാകുമ്പോൾ എനിക്ക് സാമ്പത്തിക കാര്യത്തിൽ എന്നും ഭാഗ്യക്കേടാണ് എന്നുപറയുന്നവരുണ്ട്. എനിക്ക് ഒന്നും നേടാൻ കഴിയില്ല എന്ന് പറഞ്ഞ് നടക്കുന്നവരുമുണ്ട്. നിങ്ങൾക്ക് മറ്റുള്ളവരുമായി ബന്ധം സ്ഥാപിക്കാൻ കഴിയാതെ വരുമ്പോൾ എന്നെ ആരും സ്നേഹിക്കുന്നില്ല എന്നു പറഞ്ഞ് പിൻവാങ്ങുന്നവരുണ്ട്. നിങ്ങളുടെ അമ്മ എപ്പോഴും നിങ്ങളെ അടക്കിഭരിച്ചിരുന്നെങ്കിൽ മറ്റുള്ളവരും അങ്ങനെ ചെയ്യാൻ സാധ്യതയുണ്ടെന്ന ഭയത്തിൽ നിങ്ങൾ കഴിഞ്ഞേക്കാം. ആരോഗ്യം മോശമാകുമ്പോൾ എന്റെ കുടുംബത്തിൽ എല്ലാവരുടെയും തന്നെ ആരോഗ്യം മോശമാണെന്ന നിഗമനത്തിലെത്തിയേക്കാം. അതുകൊണ്ട് ഞാൻ സഹിക്കാൻ ജനിച്ചവനാണ്, ഇതിൽ നിന്ന് മോചനമുണ്ടാകാൻ പോകുന്നില്ല എന്നൊക്കെപ്പറഞ്ഞ് സ്വയം പിൻവാങ്ങിയേക്കാം. ഇതുപോലെ മറ്റുപല ചിന്തകളും ഉണ്ടായേക്കാം. പക്ഷേ പലർക്കും ഇതിനെപ്പറ്റി ബോധ്യവും അറിവും ഉണ്ടായിരിക്കുകയില്ല. ഈ ചിന്തകളാണ് തന്നെ നശിപ്പിക്കുന്നത് എന്ന തിരിച്ചറിവുണ്ടായില്ലെങ്കിൽ ഭീകരമായ നാശമായിരിക്കും സംഭവിക്കുക. എല്ലാ പ്രശ്നങ്ങളും പലപ്പോഴും ഇത്തരത്തിലുള്ള ഓരോ ചിന്താരീതികളിൽ നിന്നായിരിക്കും ഉടലെടുക്കുക. എന്റെ പ്രശ്നങ്ങളുടെ കാരണം ഏതുതരത്തിലുള്ള ചിന്തകളാണ് എന്ന് തിരിച്ചറിഞ്ഞാൽ രക്ഷപെടാൻ ബുദ്ധിമുട്ടുണ്ടാകുകയില്ല.

നാം വിശ്വസിക്കുന്ന ചില കാര്യങ്ങൾ നല്ലതും വളർച്ചയ്ക്ക് സഹായകവുമായിരിക്കും. എന്നാൽ മറ്റുചില ചിന്തകൾ തുടക്കത്തിൽ നല്ലതാണെന്ന് തോന്നും. ഉദാഹരണത്തിന് അപരിചിതരെ വിശ്വസിക്കരുത് എന്ന ചിന്ത കുട്ടികളായിരിക്കുമ്പോൾ നല്ലതും പ്രസക്തവുമായിരിക്കും. എന്നാൽ പ്രായമായിരിക്കുമ്പോൾ ഈ ചിന്ത ഒറ്റപ്പെടലിനും ഏകാന്തതയ്ക്കും കാരണമായിത്തീരും. എനിക്ക് പഠിക്കാൻ ബുദ്ധിമുട്ടാണ് എന്ന ചിന്ത ചിലരിലുണ്ടാകുന്നതുമൂലം പഠനത്തിൽ പിന്നോക്കം പോകുന്നു. ഈ ചിന്തകൾ ശരിയാണോയെന്ന് നാം ഒരിക്കലെങ്കിലും ചിന്തിക്കാറുണ്ടോ? എന്റെ രണ്ടാം ക്ലാസിലെ ടീച്ചർ ഞാൻ മണ്ടനാണെന്ന് പറഞ്ഞതുകൊണ്ട് ഞാൻ പത്താം ക്ലാസിലും ആ ധാരണയിൽ ജീവിക്കണമെന്നുണ്ടോ? ഈ ചിന്ത കളഞ്ഞാൽ ഞാൻ നന്നാവില്ലേ?

ആൺകുട്ടികൾ കരയാറില്ലെന്നും പെൺകുട്ടികൾ മരത്തിൽ കയറാറില്ലെന്നും നിങ്ങളുടെ കുടുംബത്തിൽ പറഞ്ഞുകേട്ടത് നിങ്ങൾ അന്ധമായി വിശ്വസിക്കുന്നുണ്ടാകാം. ഇതുകൊണ്ടുതന്നെ വികാരങ്ങളെ അറിയാതെ തന്നെ അടിച്ചമർത്തി ജീവിക്കാൻ ഉൾപ്രേരണയുണ്ടാകുന്നു. ആരെയും വിശ്വസിക്കരുത് എന്ന് പറയുന്നതിനുപകരം മനുഷ്യർ കൂടുതലും നല്ലവരാണ് എന്ന സന്ദേശമാണ് ചെറുപ്പത്തിൽ ലഭിക്കുന്നതെങ്കിൽ നാം അത്തരത്തിൽ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യും. എല്ലാവരേയും സ്നേഹിക്കുവാനും സഹായിക്കുവാനും അതുവഴി നമുക്ക് സാധിക്കും. ശിശുവായിരുന്നപ്പോൾ എല്ലാം എന്റെ കുറ്റംകൊണ്ടാണ് എന്ന ചിന്ത മനസിൽ കയറിയവരുണ്ട്. പിതാവ് ചെറുപ്പത്തിലെ മരിച്ചുപോയതിനെപ്പറ്റി മാതാവ് *നീയുണ്ടായതുകാരണമാണ് അപ്പൻ മരിച്ചുപോയത്* എന്നു പറയുകയും അത് കുട്ടിയുടെ മനസിൽ വലിയ കുറ്റബോധം ജനിപ്പിക്കുകയും ജീവിതത്തെ താറുമാറാക്കുകയും ചെയ്തതായി എനിക്കറിയാം. മറ്റു സഹോദരങ്ങൾ നല്ല മാർക്ക് വാങ്ങുകയും തനിക്ക് മോശം മാർക്കുണ്ടായിരിക്കുകയും ചെയ്യുമ്പോൾ മാതാപിതാക്കൾ *നിന്നെക്കൊണ്ട് ഒന്നിനും കൊള്ളില്ല* എന്ന് പറയുന്നത് ഒരു കുട്ടിയെ വളരെയധികം ദോഷകരമായി ബാധിക്കുകയും അതിൽ നിന്ന് മോചനം നേടാൻ

→

സൈക്കോ തെറാപ്പിയെ അവലംബിക്കുകയും ചെയ്ത ചരിത്രവും എനിക്ക് ഓർമ്മ വരുന്നു.

ഈ കുടുംബത്തിൽ സ്ഥിരം ദുരന്തങ്ങളാണ് എന്നു പറഞ്ഞിരുന്ന മാതാപിതാക്കളുടെ മകൻ ആ പല്ലവി മനസിൽ സൂക്ഷിച്ചുപോന്നു. നല്ല ഫുഡ്ബോൾ കളിക്കാരനായിരുന്ന അവൻ കാലൊടിഞ്ഞ് കിടപ്പാകുകയും പിന്നീട് ഒരിക്കലും കളിക്കാനാവാത്ത അവസ്ഥയിൽ എത്തുകയും ചെയ്തു. അങ്ങനെ വിശ്വസിച്ചത് ശരിയാണെന്ന ബോധ്യത്തിലയാൾ എത്തുകയും ചെയ്തു. ഞാൻ അങ്ങനെയാണ്. എന്നെക്കൊണ്ട് ഇതിൽ കൂടുതലൊന്നും പറ്റുകയില്ല എന്ന് പറഞ്ഞ് വളരാൻ കഴിയാതെ പോകുന്നവരാണധികവും. മറിച്ചു ചിന്തിക്കുമ്പോൾ അത്ഭുതകരമായ മാറ്റങ്ങൾ ദൃശ്യമാകും. മഴ പെയ്യുമ്പോൾ നശിച്ച മഴയെന്നും വെയിൽ തെളിയുമ്പോൾ എന്തൊരു വൃത്തികെട്ട വെയിൽ എന്നും പറയുന്നവരാണധികവും എന്ന് പറഞ്ഞാൽ അതിശയോക്തിയില്ല. സന്തോഷകരമായ ജീവിതത്തിന് സന്തോഷകരമായ ചിന്തകൾ ആവശ്യമാണ്. സമ്പന്ന ജീവിതത്തിന് അഭിവൃദ്ധിയെപ്പറ്റിയുള്ള സ്വപ്നങ്ങളും ചിന്തകളും അനിവാര്യമാണ്. സ്നേഹസമ്പന്നമായ ജീവിതത്തിന് സ്നേഹം നിറഞ്ഞ ചിന്തകൾ കൂടിയേ തീരൂ.

അതുകൊണ്ട് നമ്മുടെ ശക്തിയുടെ കേന്ദ്രം ഈ നിമിഷം തന്നെയാണ്. ഇപ്പോൾതന്നെ മാറ്റങ്ങൾ ഉണ്ടാകണം. മാറ്റമുണ്ടാകേണ്ടത് മനസിലാണ്. നാം എത്രനാൾ ശരിയല്ലാത്ത രീതിയിൽ ചിന്തിച്ചു ജീവിച്ചു എന്നത് പ്രശ്നമല്ല. എത്രനാൾ ദരിദ്രനായിരുന്നുവെന്നതും കാര്യമാക്കേണ്ട. എത്രനാൾ ബന്ധം ശിഥിലമായിരുന്നുവെന്നും കരുതേണ്ട. നമുക്ക് ഇതാ ഈ നിമിഷം തൊട്ട് മാറാൻ കഴിയും. നിങ്ങളുടെ മനസാണ് എല്ലാം തീരുമാനിക്കുന്ന ശക്തി. നിങ്ങളുടെ പഴയകാലചിന്തകളും വിശ്വാസങ്ങളുമാണ് ഇന്ന് ദുഃസ്ഥിതിയുണ്ടെങ്കിൽ അതിനു കാരണം. നിങ്ങൾ ഇപ്പോൾ ചിന്തിക്കുവാനും പ്രവർത്തിക്കുവാനും വിശ്വസിക്കുവാനും തീരുമാനിക്കുന്നത് നിങ്ങളുടെ ജീവിതത്തെ മാറ്റിമറിക്കും. അതുകൊണ്ട് പഴയചിന്തകൾ മാറ്റി പുതിയവ സ്വീകരിച്ച് അദ്ധ്യാത്മികവും ഭൗതികവുമായ ഉന്നതി നേടാൻ തീരുമാനിക്കൂ. നിങ്ങൾക്ക് കഴിയും, ഉറപ്പ്.

# സർഫാസിയുടെ മറവിൽ ഭൂമാഫിയകൾ കർഷകഭൂമി തട്ടിയെടുക്കുന്നു: ഇൻഫാം

കൊച്ചി: സർഫാസി നിയമത്തിന്റെ മറവിലും റവന്യൂ രേഖകളിൽ കൃത്രിമം കാട്ടിയും ബാങ്കുകളും റവന്യൂ വകുപ്പും ഭൂമാഫിയകളും ചേർന്ന് കർഷകഭൂമി തട്ടിയെടുക്കുന്നുവെന്ന് ഇൻഫാം ദേശീയ സെക്രട്ടറി ജനറൽ ഷെവലിയാർ അഡ്വ.വി.സി.സെബാസ്റ്റ്യൻ ആരോപിച്ചു..

ദേശസാൽകൃതബാങ്കുകളിലേയും റവന്യൂ വനം ഡിപ്പാർട്ടുമെന്റുകളിലെയും ഉദ്യോഗസ്ഥരും ക്വാറി ഖനന ഭൂമാഫിയകളും ഒത്തുചേർന്നുള്ള വൻ സംഘം സംസ്ഥാനത്തുടനീളം കർഷക ഭൂമി കയ്യേറുമ്പോൾ അന്വേഷണവും നടപടികളുമില്ലാതെ സർക്കാർ സംവിധാനങ്ങൾ ഒത്താശചെയ്യുന്നത് ഭരണവൈകല്യമാണ് സൂചിപ്പിക്കുന്നത്. കോടതിവിധിയും കൃത്യമായ രേഖകളുമുണ്ടായിട്ടും ഭൂമാഫിയ തട്ടിയെടുത്ത ഭൂമി തിരിച്ചുപിടിക്കാൻ വയനാട് കളക്ട്രേറ്റിനു മുമ്പിൽ കർഷകനായ ജെയിംസ് നടത്തുന്ന സത്യാഗ്രഹം 1200 ദിവസങ്ങൾ കഴിഞ്ഞിട്ടും നടപടികളെടുക്കാത്തത് ഭൂമാഫിയകളുടെ ഇടപെടലാണ്.

ബാങ്ക് വായ്പകളിന്മേൽ 2018 ഒക്ടോബർ 12 മുതൽ ഒരു വർഷത്തേയ്ക്കുള്ള മോറട്ടോറിയം ഉത്തരവ് നിലനിൽക്കുമ്പോൾ തന്നെ ബാങ്കുകൾ ജപ്തിനടപടികൾ സ്വീകരിക്കുന്നത് സർക്കാർ ഉത്തരവിന്റെ ലംഘനമാണ്. ദേശസാൽകൃതബാങ്കുകളുടെ സർഫാസി നിയമപ്രകാരമുള്ള നടപടികൾ നിയന്ത്രിക്കാൻ തങ്ങൾക്കാവില്ലെന്നുള്ള സർക്കാർ പ്രസ്താവന നിരുത്തരവാദിത്വപരമാണ്. കിടപ്പാടങ്ങൾ ജപ്തിചെയ്ത് ജനങ്ങളെ തെരുവിലേയ്ക്കിറക്കി വിടരുതെന്നുള്ള മാനുഷികപരിഗണനയും നിർദ്ദേശവും അവഗണിച്ച് കർഷകരെ ആത്മഹത്യയിലേയ്ക്ക് തള്ളിവിടുന്നവർക്കെതിരെ നരഹത്യക്ക് കേസെടുക്കുവാൻ ബന്ധപ്പെട്ട ഭരണവകുപ്പുകൾ തയ്യാറാകണം. മോറട്ടോറിയം കാലയളവിൽതന്നെ 32 കർഷകർ കേരളത്തിൽ ആത്മഹത്യ ചെയ്തത് ബാങ്കുകളുടെ ജപ്തിഭീഷണി മൂലമാണ്.

ആത്മഹത്യ ചെയ്തതുകൊണ്ട് വായ്പാ ഈടിന്മേലുള്ള ധനകാര്യസ്ഥാപനങ്ങളുടെ ഇടപെടലിന് അയവുവരുകയില്ല. പ്രളയദുരന്തവും വിലത്തകർച്ചയും കടക്കെണിയും മൂലം ജീവിതം വഴിമുട്ടുമ്പോൾ ഭീഷണിയല്ല, തിരിച്ചടവിനുള്ള സാവകാശമാണ് കർഷകർ ആവശ്യപ്പെടുന്നത്. മോറട്ടോറിയം സംബന്ധിച്ച് 2019 മാർച്ച് 5ലെ മന്ത്രിസഭാതീരുമാനവും അട്ടിമറിച്ചത് ഈ മാഫിയകളുടെ പിൻബലത്തിലാണ്. ചെറുകിട കർഷകരുൾപ്പെടെ 5 ലക്ഷത്തിൽ താഴെ വായ്പ കുടിശിഖയുള്ള ജനവിഭാഗത്തിന്റെ തിരിച്ചടവിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കാൻ കർഷകകടങ്ങൾ എഴുതിത്തള്ളണമെന്ന് ആവശ്യപ്പെട്ട് രാജ്യവ്യാപകമായി പ്രക്ഷോഭം നടത്തുകയും ഇതിനായി പ്രകടനപത്രിക ഇറക്കി അധികാരത്തിലിരിക്കുകയും ചെയ്യുന്ന സംസ്ഥാന സർക്കാർ തയ്യാറാകണമെന്നും വി.സി.സെബാസ്റ്റ്യൻ ആവശ്യപ്പെട്ടു.

## ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങളെ സർക്കാർ ഏറ്റെടുക്കണം: ഇൻഫാം

കോട്ടയം: വിലത്തകർച്ചയും കടക്കെണിയും മൂലം ആത്മഹത്യ ചെയ്ത കർഷകരുടെ കടബാധ്യതകൾ ഏറ്റെടുത്ത് കുടുംബാംഗങ്ങളെ സംരക്ഷിക്കുവാൻ സംസ്ഥാന സർക്കാർ തയ്യാറാകണമെന്ന് ഇൻഫാംആവശ്യപ്പെട്ടു.

കാർഷികവായ്പകളിന്മേൽ 2018 ഒക്ടോബർ 12ന് പ്രഖ്യാപിച്ച ഒരുവർഷത്തെ മോറട്ടോറിയം നടപ്പിൽ വരുത്തുന്നതിൽ സംസ്ഥാന സർക്കാർ പരാജയപ്പെട്ടു. ബാങ്കുകളുടെ ജപ്തി നടപടികളും തുടർഭീഷണികളും മൂലം കേരളത്തിൽ 29 കർഷകർ ആത്മഹത്യ ചെയ്തിട്ടും അതിനെ നിസാരവത്കരിച്ച് മുഖം തിരിഞ്ഞുനിൽക്കുന്ന സമീപനമാണ് ഇപ്പോഴും തുടരുന്നത്. തെരഞ്ഞെടുപ്പുവേളകളിൽ വാഗ്ദാനം നൽകിയും പ്രകടനപത്രികകളിലും കർഷകക്ഷേമം പങ്കുവച്ചവർ ഭരണത്തിലിരുന്ന് കർഷകവിരുദ്ധത തുടരുന്നത് അവസാനിപ്പിക്കണം. 2019 മാർച്ച് 5ന് മോറട്ടോറിയം കാലാവധി ഡിസംബർ വരെ നീട്ടുവാൻ മന്ത്രിസഭ തീരുമാനിച്ചെങ്കിലും ഉത്തരവിറക്കാതെ അട്ടിമറിക്കപ്പെട്ടു. മോറട്ടോറിയം പ്രഖ്യാപിച്ച് ഉത്തരവാദിത്വങ്ങളിൽ നിന്ന് ഒളിച്ചോടുകയല്ല മറിച്ച്, ഇറക്കിയ ഉത്തരവ് നടപ്പിലാക്കുവാനുള്ള ആർജ്ജവമാണ് സർക്കാർ കാണിക്കേണ്ടത്.

വസ്തു ഈടിന്മേലാണ് കർഷകർ വായ്പയെടുത്തിരിക്കുന്നത്. ആത്മഹത്യ ചെയ്തതിന്റെ പേരിൽ ഈടുവെച്ച വസ്തുക്കളിന്മേലുള്ള ബാങ്കുകളുടെ നിയന്ത്രണം അവസാനിക്കുന്നില്ല. കർഷക ആത്മഹത്യമൂലം വസ്തുവകകൾ ബാങ്കുകൾക്ക് തട്ടിയെടുക്കുവാൻ കൂടുതൽ അവസരമൊരുങ്ങുകയും കുടുംബാംഗങ്ങളെ വലിയ പ്രതിസന്ധിയിലാക്കുകയും ചെയ്യും. കർഷക കുടുംബങ്ങളെ തുടർആത്മഹത്യകളിൽ നിന്ന് ഒഴിവാക്കുവാൻ സംസ്ഥാന സർക്കാർ, ആത്മഹത്യ ചെയ്ത കർഷകരുടെ ബാങ്കുബാധ്യതകൾ ഏറ്റെടുക്കുവാനും കുടുംബാംഗങ്ങളെ സംരക്ഷിക്കുവാനും അടിയന്തര ഇടപെടൽ നടത്തണമെന്നും ഇൻഫാം ആവശ്യപ്പെട്ടു.

## സീറോ മലബാർ സഭയ്ക്കും കാഞ്ഞിരപ്പള്ളി രൂപതയ്ക്കും അഭിമാനം

# ബ്രിട്ടണിൽ മേയറായി ടോം ആദിത്യ

ബ്രിട്ടണിൽ കഴിഞ്ഞ ദിവസം നടന്ന പ്രാദേശിക തെരഞ്ഞെടുപ്പിൽ ബ്രിസ്റ്റോൾ ബ്രാഡ്‌ലി സ്റ്റോക്ക് നഗരത്തിന്റെ മേയറായി മലയാളിയായ ടോം ആദിത്യ തെരഞ്ഞെടുക്കപ്പെട്ടു. ബ്രിട്ടനിലെ ഭരണ കക്ഷിയായ കൺസർവേറ്റീവ് പാർട്ടിയുടെ ആദ്യത്തെ തെക്കേ ഇന്ത്യക്കാരനായ ജനപ്രതിനിധിയാണ് ടോം ആദിത്യ. സൗത്ത് വെസ്റ്റ് ഇംഗ്ലണ്ടിൽ ആദ്യമായിട്ടാണ് ഒരു ഇന്ത്യൻ വംശജൻ മേയറായി തെരഞ്ഞെടുക്കപ്പെടുന്നത്.

**യൂറോപ്പിലും ഗ്രേറ്റ് ബ്രിട്ടനിലും ആദ്യമായിട്ടാണ് ഒരു സീറോ മലബാർ സഭാംഗം മേയറായി തെരഞ്ഞെടുക്കപ്പെടുന്നത് എന്ന പ്രത്യേകതയും ടോമിന്റെ ഈ സ്ഥാനലബ്ധിക്കുണ്ട്.**

സീറോ മലബാർ കത്തോലിക്കാസഭയുടെ കാഞ്ഞിരപ്പള്ളി രൂപതാംഗമായ ടോം റാന്നി ഇരൂരിക്കൽ ആദിത്യപുരം തോമസ് മാത്യുവിന്റെയും ഗൂലാബി മാത്യുവിന്റെയും പുത്രനും ഇന്ത്യൻ സ്വാതന്ത്ര്യസമര സേനാനിയും പാല നഗരത്തിന്റെ ആദ്യകാല നേതാവുമായിരുന്ന വെട്ടം മാണിയുടെ പൗത്രനുമാണ്. ഭാര്യ: ലിനി; മക്കൾ: അബിഷേക്, അലീന, ആൽബെർട്ട്, അഡോണ, അൽഫോൻ സ്. റോസ് പ്രീന, സിറിൾ പ്രണാബ് എന്നിവർ സഹോദരങ്ങളാണ്.

സീറോ മലബാർ സഭയുടെ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി അംഗമായി പ്രവർത്തിച്ചിട്ടുള്ള ടോം, കാഞ്ഞിരപ്പള്ളി അമൽ ജ്യോതി എഞ്ചിനീയറിംഗ് കോളജിന്റെ മാനേജ്മെന്റ് കൺസൾട്ടന്റായും മുൻപ് സേവനം ചെയ്തിട്ടുണ്ട്. റാന്നിയിൽ സീറോ മലബാർ പള്ളിയുടെ സ്ഥാപനത്തിനും ഫോറോന കേന്ദ്രമായി ആ ദേവാലയത്തെ ഉയർത്തുന്നതിനും ടോം അക്കാലത്തു നേതൃത്വം വഹിച്ചിട്ടുണ്ട്.

സൗത്ത് വെസ്റ്റ് ഇംഗ്ലണ്ടിലെ ബ്രിസ്റ്റോൾ സിറ്റിയും ഒൻപത് സമീപ ജില്ലകളും ഉൾപ്പെടുന്ന പോലീസ് ബോർഡിന്റെ വൈസ് ചെയർമാനായും ബ്രിസ്റ്റോൾ സിറ്റി കൗൺസിലിന്റെ സാമുദായിക സൗഹാർദ്ദ സമിതിയുടെ ചെയർമാനായും ടോം ആദിത്യ സേവനം ചെയ്യുന്നു. ഭരണകക്ഷിയായ കൺസർവേറ്റീവ് പാർട്ടിക്കു ബ്രെക്സിറ്റ് പ്രതിസന്ധി കാരണം ഇംഗ്ലണ്ടിൽ 1335 ൽ അധികം കൗൺസിലർമാരെ നഷ്ടപ്പെട്ട



കാലിടറിയപ്പോഴും പടിഞ്ഞാറൻ ഇംഗ്ലണ്ടിൽ 2007 മുതൽ ഇക്വാലിറ്റീസ് ചെയർമാനായും, പിന്നീട് കൗൺസിലറായും 2017 മുതൽ ഡെപ്യൂട്ടി മേയറായും പ്രവർത്തിച്ച മലയാളിയായ ടോം ആദിത്യ വീണ്ടും വൻ ഭൂരിപക്ഷത്തിൽ വിജയിക്കുകയായിരുന്നു. പടിഞ്ഞാറൻ ഇംഗ്ലണ്ടിലെ ആദ്യത്തെ ഏഷ്യൻ കൗൺസിലർ കൂടിയാണ് അദ്ദേഹം.

**കഴിഞ്ഞ രണ്ടുപതിറ്റാണ്ടായി ഇംഗ്ലണ്ടിൽ മാനേജ്മെന്റ് കൺസൾട്ടന്റായും പ്രഭാഷകനായും മനുഷ്യാവകാശപ്രവർത്തകനായും സാമൂഹ്യശാസ്ത്ര ഗവേഷകനായും ടോം കർമ്മരംഗത്തുണ്ട്.**

യുകെ മലയാളികളുടെ പല ന്യായമായ ആവശ്യങ്ങളും നേടിയെടുക്കുന്നതിന് വേണ്ടി പ്രധാനമന്ത്രിയുമായും മന്ത്രിമാരുമായും ചർച്ചചെയ്ത് പരിഹാരം കാണുന്നതിലും അതുപോലെ ഇന്ത്യൻ എംബസിയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ നേരിട്ട് ഇടപെട്ട് സേവനങ്ങൾ ചെയ്തുകൊടുക്കുന്നതിലും ബ്രിട്ടിനിലെ മലയാളികൾക്കിടയിൽ മുൻപന്തിയിൽ നിൽക്കുന്ന നല്ലൊരു സാമൂഹ്യ പ്രവർത്തകനാണ് ടോം.

ബ്രിട്ടനിലെ സ്കൂളുകളിൽ മലയാള ഭാഷ ഒരു പാഠ്യവിഷയമായി ചേർക്കുന്ന പദ്ധതിക്ക് അദ്ദേഹം തുടക്കം കുറിച്ചിട്ടുണ്ട്. പ്രദേശത്തെ വികസനപ്രവർത്തനത്തിന് നേതൃത്വം കൊടുത്തതിനു പുറമെ ബ്രിട്ടനിലെ പ്രവാസികളുടെ വിസാ പ്രശ്നങ്ങളിലും, തൊഴിൽ വിഷയങ്ങളിലും സുരക്ഷാപ്രശ്നങ്ങളിലും ഇടപെട്ട് അത്തരക്കാർക്ക് നിയമപരിരക്ഷ നൽകുന്നതിനും ബ്രിട്ടനിലേയ്ക്ക് പുതുതായി കുടിയേറുന്ന മലയാളികൾക്കു മാത്രമല്ല ഇതര രാജ്യക്കാർക്കും നിസ്വാർത്ഥമായ സേവനം നൽകുന്നതിലും അദ്ദേഹം ശ്രദ്ധിച്ചിട്ടുണ്ട്.

ബ്രിട്ടനിൽ മരണമടയുന്ന പ്രവാസി മലയാളികളുടെ മൃതദേഹം അനന്തര കർമ്മങ്ങൾക്കായി നാട്ടിൽ എത്തിക്കുന്നതിനുള്ള പ്രക്രിയകൾക്കും ടോം പങ്കാളിയായി പ്രവർത്തിക്കുന്നു.

ബ്രിട്ടനിൽ മാത്രമല്ല ഗൾഫ് രാജ്യങ്ങളിൽ കഷ്ടപ്പെടുന്ന മലയാളി സഹോദരങ്ങളിലേയ്ക്കും അദ്ദേഹത്തിന്റെ കാരുണ്യസ്പർശം ഉണ്ടായിട്ടുണ്ട്.

സൗദി അറേബ്യയിൽ വീട്ടുവേലയ്ക്ക് പോയിട്ട് നരകയാതന അനുഭവിച്ച മലയാളി സ്ത്രീകൾക്ക് മോചനം നൽകുവാനും അവരെ നാട്ടിലെത്തിക്കുവാനും അതുപോലെ അബുദാബിയിൽ വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട മലപ്പുറം സ്വദേശി ഗംഗാധരനെ തൂക്കുകയറിൽ നിന്ന് മോചനം നൽകുന്നതിന് അന്താരാഷ്ട്രതലത്തിൽ നേതൃത്വം നൽകിയതും ടോം ആദിത്യയാണ്.



**മേയർ ടോം ആദിത്യ ബ്രിട്ടീഷ് പ്രധാനമന്ത്രി തേരേസ മേയോടൊപ്പം.**

# രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ

98

## ആധുനികയുഗത്തിൽ സഭയുടെ ധർമ്മം

**ദൈ**വിക സ്നേഹത്തിന്റെ സ്രോതസ്സിൽ നിന്ന് ഉത്ഭവിക്കുന്നതും തിരുസ്സഭയുമായുള്ള ക്രിസ്തുനാഥന്റെ ഐക്യത്തിന്റെ മാതൃകയിൽ സംവിധാനം ചെയ്തിരിക്കുന്നതുമായ ഈ ബഹുമുഖസ്നേഹത്തെ അവിടന്നു സമൃദ്ധമായി അനുഗ്രഹിച്ചിട്ടുണ്ട്.



എന്തുകൊണ്ടെന്നാൽ ഒരിക്കൽ ദൈവം സ്നേഹത്തിന്റെയും വിശ്വസ്തതയുടെയും ഉടമ്പടിയിലൂടെ തന്റെ ജനങ്ങൾക്ക് സന്നിഹിതനായതുപോലെ ഇപ്പോൾ മനുഷ്യരുടെ രക്ഷകനും തിരുസ്സഭയുടെ മണവാളനുമായ ക്രിസ്തു വിവാഹമെന്ന കൂദാശവഴി ക്രൈസ്തവദമ്പതികളുടെ ജീവിതത്തിലേയ്ക്കും കടന്നുവരുന്നു. അവിടന്നു തിരുസ്സഭയെ സ്നേഹിക്കുകയും അവൾക്കുവേണ്ടി തന്നെത്തന്നെ സമർപ്പിക്കുകയും ചെയ്തതുപോലെ ഭാര്യാഭർത്താക്കന്മാർ പരസ്പരസമർപ്പണം വഴി നിത്യമായ വിശ്വസ്തതയോടുകൂടി അന്യോന്യം സ്നേഹിക്കാൻ ഇടയാകാനായി അവിടന്നു അവരോടുകൂടി വസിക്കുന്നു. യഥാർത്ഥമായ ദാമ്പത്യസ്നേഹം ദൈവസ്നേഹത്തിലേയ്ക്കു നീങ്ങുന്നു. ക്രിസ്തുവിന്റെ രക്ഷാകരശക്തിയും ആത്മവിശുദ്ധിയ്ക്കുതകുന്ന സഭാപ്രവർത്തനങ്ങളുംവഴി അതു നിയന്ത്രിക്കപ്പെടുകയും സമ്പന്നമാക്കപ്പെടുകയും ചെയ്യുന്നു. അങ്ങനെ പ്രസ്തുത സ്നേഹം ഭാര്യാഭർത്താക്കന്മാരെ സുശക്തമായ ഫലങ്ങളോടുകൂടി ദൈവത്തിലേയ്ക്കടുപ്പിക്കുകയും ശ്രേഷ്ഠമായ പിതൃധർമ്മവും മാതൃധർമ്മവും നിർവ്വഹിക്കാൻ അവരെ സഹായിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യും. അതിനാൽ ക്രൈസ്തവദമ്പതികൾ തങ്ങളുടെ ജീവിതാവസ്ഥയുടെ കടമകൾക്കും വൈശിഷ്ട്യത്തിനും യോജിച്ചവിധത്തിൽ ഒരു പ്രത്യേക കൂദാശയാൽ സംരക്ഷിതരാണ്. ഒരുവിധത്തിൽ അവർ പ്രതിഷ്ഠിതരുമാണ്. ഈ കൂദാശയുടെ ശക്തിവിശേഷത്താൽ ഭാര്യാഭർത്താക്കന്മാർ അവരുടെ ദാമ്പത്യപരവും കുടുംബപരവുമായ ചുമതലകൾ നിർവ്വഹിച്ചുകൊണ്ടു ക്രിസ്തുവിന്റെ ചൈതന്യത്താൽ നിറയുകയും അതുവഴിയായി അവരുടെ ജീവിതം മുഴുവനും വിശ്വാസം, പ്രതീക്ഷ, സ്നേഹം എന്നിവയാൽ പൂരിതമാകുകയും ചെയ്യുന്നു. തന്മൂലം ഉപര്യുപരി പരിപൂർണ്ണതയും അന്യോന്യം വിശുദ്ധീകരണവും പ്രാപിക്കാനും അങ്ങനെ ദൈവമഹത്വം സാധിക്കാനും ഇടയാകുന്നു.

തത്ഫലമായി മാതാപിതാക്കന്മാരുടെ മാതൃകയും കുടുംബപ്രാർത്ഥനയും അനുകരിച്ചുകൊണ്ട് മക്കളെന്നല്ല കുടുംബത്തോടുബന്ധപ്പെട്ട എല്ലാവരും മാനുഷികമായ പക്വതയും രക്ഷാഫലങ്ങളും വിശുദ്ധിയും പ്രാപിക്കാൻ കൂടുതൽ എളുപ്പമായ മാർഗ്ഗം കണ്ടെത്തും. പിതൃത്വത്തിന്റെയും മാതൃത്വത്തിന്റെയും ശ്രേഷ്ഠതയാലും ദൗത്യത്താലും അലംകൃതരായ മാതാപിതാക്കന്മാർ തങ്ങളിൽ പ്രധാനമായും നിക്ഷിപ്തമായിരിക്കുന്ന ആ ചുമതല വിദ്യാഭ്യാസത്തിന്റെ പ്രത്യേകിച്ച് മതപരമായ വിദ്യാഭ്യാസത്തിന്റെ ചുമതല ഉത്സാഹപൂർവ്വം നിർവ്വഹിക്കണം.

കുടുംബത്തിലെ സജീവാംഗങ്ങളെന്ന നിലയിൽ മക്കൾ സ്വകീയമായ രീതിയിൽ മാതാപിതാക്കന്മാരുടെ വിശുദ്ധീകരണത്തിനു സഹായിക്കും. കൃതജ്ഞതാമനോഭാവത്തോടും സ്നേഹത്തോടും മനോവിശ്വാസത്തോടുംകൂടിയായിരിക്കും മാതാപിതാക്കന്മാരുടെ സ്നേഹവായ്പിന് അവർ പ്രതിനന്ദി കാണിക്കുക. വിഷമഘട്ടങ്ങളിലും വാർദ്ധക്യദശയിലെ ഏകാന്തതയിലും അവർ സഹായിക്കും. വൈവാഹികവിളിയുടെ തുടർച്ചയായി ധൈര്യപൂർവ്വം സ്വീകരിക്കപ്പെടുന്ന വൈധവ്യം എല്ലാവരാലും ആദരപൂർവ്വം വീക്ഷിക്കപ്പെടണം. കുടുംബങ്ങൾ അവയുടെ ആത്മീയ സമ്പത്തിൽ ഔദാര്യപൂർവ്വം ഇതരകുടുംബങ്ങളെയും ഭാഗഭാക്കുകളാക്കണം, അങ്ങനെ ക്രിസ്തീയ കുടുംബം ക്രിസ്തുവിന്റെ തിരുസ്സഭയുമായി ബന്ധിക്കുന്ന സ്നേഹത്തിന്റെ ഉടമ്പടിയുടെ പ്രതീകവും പങ്കുചേരലുമായ വിവാഹത്തിൽ നിന്ന് മുളയെടുക്കുന്നതുകൊണ്ട് ക്രിസ്തുവിന്റെ ലോകത്തിലുള്ള സജീവസാന്നിധ്യവും തിരുസ്സഭയുടെ യഥാർത്ഥ സ്വഭാവവും സകലജനങ്ങൾക്കും വെളിപ്പെടുത്തും. ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള സ്നേഹം, സന്താനലബ്ധി, പരസ്പരൈക്യം, വിശ്വസ്തത, മറ്റു കുടുംബാംഗങ്ങൾ തമ്മിൽത്തമ്മിലുള്ള സഹായം എന്നിവവഴിയും ഇതു തന്നെ നിർവഹിക്കപ്പെടുന്നു.

**ദാമ്പത്യസ്നേഹം**-വിവാഹിതരെയും വിവാഹബന്ധത്തിലേർപ്പെടാൻ നിശ്ചയിച്ചവരേയും പരിശുദ്ധമായ അനുരാഗവും വിഭജിക്കപ്പെടാത്ത സ്നേഹവുംവഴി വിവാഹബന്ധത്തെ പോഷിപ്പിക്കുകയും പുഷ്ടിപ്പെടുത്തുകയും ചെയ്യാൻ ദൈവവചനം പലേടത്തും ഉദ്ബോധിപ്പിക്കുന്നുണ്ട്. സ്ഥലകാലങ്ങളുടെ നല്ല വഴക്കങ്ങൾക്കൊത്ത് വിവിധ മാർഗ്ഗങ്ങളിലൂടെ പ്രകാശിപ്പിക്കപ്പെടുന്ന ഭാര്യാഭർത്താക്കന്മാരുടെ യഥാർത്ഥ സ്നേഹത്തെ ഇക്കാലത്തുള്ള മനുഷ്യരിൽ പലരും വളരെയേറെ വിലമതിക്കുന്നുണ്ട്. തികച്ചും മാനുഷികമാണ് ഈ സ്നേഹം. കാരണം, ഒരു വ്യക്തിയിൽ നിന്നു മറ്റൊരു വ്യക്തിയിലേയ്ക്കുള്ള മനസിന്റെ സ്നേഹവായ്പിലാണ് ഇതു പ്രവഹിക്കുക. അതിനാൽ വ്യക്തിയുടെ മുഴുവൻ നന്മ സാധിക്കാനും അങ്ങനെ ശരീരത്തിന്റെയും ആത്മാവിന്റെയും ഭാവപ്രകടനങ്ങളെ പ്രത്യേക മഹത്വത്തോടെ സമ്പന്നമാക്കാനും അവയെ വൈവാഹികസ്നേഹത്തിന്റെ ഘടകങ്ങളും വിശേഷാടയാളങ്ങളും എന്നപോലെ ശ്രേഷ്ഠതരമാക്കാനും ഈ സ്നേഹത്തിനു കഴിവുണ്ട്.

LAITY VOICE

## ചൈനയിലെ സഭയെ പ്രശംസിച്ച് മാർപാപ്പ



വത്തിക്കാൻ സിറ്റി: കഷ്ടതയിലും വിശ്വാസം മുറുകെപിടിക്കുന്ന ചൈനയിലെ കത്തോലിക്കാ സഭാവിശ്വാസികളെ പ്രശംസിച്ച് ഫ്രാൻസീസ് മാർപാപ്പ. ചൈനയിലെ കത്തോലിക്കാസമൂഹം കന്യാമറിയത്തിന്റെ തിരുനാൾ ആഘോഷിച്ച വേളയിലാണ് സെന്റ് പീറ്റേഴ്സ് ചത്വരത്തിലെ പ്രതിവാര സദസിൽ മാർപാപ്പ കമ്യൂണിസ്റ്റ് ഭരണകൂടത്തിന്റെ മതനിയന്ത്രണത്തെ പരാമർശിച്ചത്. ചൈനയിലെ വിശ്വാസികൾ ഒരുമിച്ചു നിൽക്കണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു.

ചൈനയിലെ 1.20 കോടിയോളം കത്തോലിക്കാ വിശ്വാസികളിൽ ഒരു വിഭാഗം ഭരണകൂടം നിയമിച്ച സഭാനേതൃത്വത്തെ അനുകൂലിക്കുന്നവരാണ്. റോമിന്റെ മേധാവിത്വം അംഗീകരിക്കുന്ന വിഭാഗം രഹസ്യമായി പ്രവർത്തിക്കുന്നുണ്ട്. ഈ സഭകളുടെ ഏകീകരണവും ബിഷപ്പുമാരുടെ നിയമനവും സംബന്ധിച്ചു ചൈനയും വത്തിക്കാനും കഴിഞ്ഞ സെപ്തംബറിൽ ധാരണയിലെത്തിയിരുന്നു. ബിഷപ്പുമാരെ നിയമിക്കുന്നതിൽ മാർപാപ്പയ്ക്കുകൂടി അവകാശം നൽകുന്നതാണ് കരാർ.

## ക്രൈസ്തവർ വംശനാശത്തിനരികെയെന്ന് ബ്രിട്ടീഷ് കമ്മീഷന്റെ റിപ്പോർട്ട്

ലണ്ടൻ: ലോകമെങ്ങുമായി നടക്കുന്ന ക്രൈസ്തവ പീഡനം ക്രിസ്ത്യാനികളെ വംശനാശത്തിന്റെ പടിക്കലെത്തിച്ചിരിക്കുകയാണെന്ന് പഠനഫലം. ബ്രിട്ടീഷ് സർക്കാരിന്റെ നിർദ്ദേശപ്രകാരം ഫോറിൻ സെക്രട്ടറി ജെറമി ഹണ്ട് കമ്മീഷൻ ചെയ്ത ട്രൂറോയിലെ ആംഗ്ലിക്കൻ മെത്രാനായ ഫിലിപ്പ് മൗണ്ടെസ്റ്റെഫെൻ നടത്തിയ പഠനമാണ് ഈ ഞെട്ടിപ്പിക്കുന്ന വിവരങ്ങൾ പുറത്തുകൊണ്ടുവന്നിരിക്കുന്നത്. വികലമായ രാഷ്ട്രീയ നയങ്ങളാണ് ക്രിസ്ത്യാനികൾക്കുണ്ടായ ദുരവസ്ഥയുടെ കാരണമായി ജെറമി ഹണ്ട് ചൂണ്ടിക്കാണിക്കുന്നത്.

ക്രിസ്ത്യാനികൾക്കെതിരായ പീഡനത്തിൽ അതത് രാജ്യങ്ങൾ മൗനം പാലിക്കുന്നതിനെ ബ്രിട്ടീഷ് ഫോറിൻ സെക്രട്ടറി കടുത്ത ഭാഷയിലാണ് വിമർശിച്ചത്. ലോകമെമ്പാടുമുള്ള ക്രിസ്ത്യാനികൾ വേട്ടയാടപ്പെട്ടപ്പോൾ നമ്മൾ ഉറങ്ങുകയായിരുന്നു. ട്രൂറോയിലെ മെത്രാന്റെ ഈ റിപ്പോർട്ട് മാത്രമല്ല, ഇക്കഴിഞ്ഞ ഈസ്റ്റർ ദിനത്തിൽ ശ്രീലങ്കയിൽ സംഭവിച്ചത് നമ്മളെ ഉണർത്തുകയും ഞെട്ടിപ്പിക്കുകയും ചെയ്തിരിക്കുന്നുവെന്നും ഹണ്ട് പറഞ്ഞു. ഇക്കാര്യം തുറന്നുപറയുവാനുള്ള ധൈര്യം രാഷ്ട്രീയക്കാർ കാണിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. മറ്റേത് മതവിഭാഗങ്ങളേക്കാളുമധികം ക്രിസ്ത്യാനികളാണ് ആഗോളതലത്തിൽ വേട്ടയാടപ്പെട്ടുകൊണ്ടിരിക്കുന്നതെന്നാണ് റിപ്പോർട്ടിൽ പറയുന്നത്. 2013-ൽ 15 ലക്ഷമായിരുന്ന പലസ്തീനിലെ ക്രിസ്ത്യാനികളുടെ എണ്ണം ഇപ്പോൾ വെറും 1,20,000-ൽ താഴെയാണ്. ക്രൈസ്തവ വിശ്വാസത്തിനെതിരായ പീഡനം അതിവേഗത്തിൽ വളർന്നുകൊണ്ടിരിക്കുകയാണെന്ന് തെളിവുകൾ ചൂണ്ടിക്കാട്ടുന്നതായി ബിഷപ് മൗണ്ടെസ്റ്റെഫെൻ പറഞ്ഞു.

## നൈജീരിയയിൽ ബോക്കോഹറാം ഭീകരർക്കെതിരെയുള്ള പോരാട്ടത്തിനുപയോഗിച്ചിരുന്ന 894 കുട്ടികൾക്ക് മോചനം

മൈദുഗുരി: ഭീകരർക്കെതിരായ പോരാട്ടത്തിൽ ഉപയോഗിച്ചുവന്ന കുട്ടികളെ മോചിപ്പിച്ച് യുണിസെഫ്. നൈജീരിയൻ ബോക്കോഹറാം ഭീകരർക്ക് നേരെ പോരാടാൻ ഉപയോഗിച്ച്വന്ന 984 കുട്ടികളെയാണ് മോചിപ്പിച്ചത്. ഇവരിൽ 106 പേർ പെൺകുട്ടികളാണ്. സിവിലിയൻ ജോയിന്റ് ടാസ്ക് ഫോഴ്സിലെ കുട്ടികളെയാണ് മോചിപ്പിച്ചത്.

രാജ്യത്തെ ഭീകരർക്ക് നേരെ പോരാടാൻ സൈന്യത്തെ സഹായിക്കുന്നവരാണ് സിവിലിയൻ ജോയിന്റ് ടാസ്ക് ഫോഴ്സ്. കുരുന്നുകൾ അധികമായും ഇരയാകുന്നത് വടക്കുകിഴക്കൻ നൈജീരിയയിലെ ആക്രമണങ്ങളിലാണെന്നും നൈജീരിയയിലെ യുണി



സെഫ് മേധാവി മുഹമ്മദ് ഫാൾ വ്യക്തമാക്കിയിരുന്നു. ഇത്തരത്തിൽ വിവിധ തരത്തിലുള്ള ആവശ്യങ്ങൾക്കായി സംഘം ഉപയോഗിക്കുന്ന കുട്ടികൾ കൊലപാതകങ്ങൾ അടക്കമുള്ളവ കണ്ടാണ് വളരുന്നത്.

2013-ലാണ് ടാസ്ക് ഫോഴ്സ് രൂപവത്കരിക്കുന്നത്. ഭീകരരിൽ നിന്നും സാധാരണക്കാരെ രക്ഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇത് രൂപീകരിച്ചത്. പക്ഷേ അവരും കുട്ടികളെ വ്യാപകമായി ദുരുപയോഗം ചെയ്യുകയാണ്.

## മാതാവിന്റെ അമലോത്ഭവ ഹൃദയത്തിന് രാജ്യത്തെ പുനഃപ്രതിഷ്ഠിച്ച് ഫിലിപ്പീൻസ്



മനില: പരിശുദ്ധ ദൈവമാതാവിന്റെ അമലോത്ഭവ ഹൃദയത്തിന് രാജ്യത്തെ പുനഃപ്രതിഷ്ഠിച്ച് ഫിലിപ്പീൻസ്. ജൂൺ ഒന്നാം തീയതി ശനിയാഴ്ചയാണ് ഫിലിപ്പീൻസിനെ മാതാവിന്റെ അമലോത്ഭവ ഹൃദയത്തിന് പുനഃപ്രതിഷ്ഠിച്ചത്.. 2014ലെ പ്ലീനറി സമ്മേളനത്തിൽ ഫിലിപ്പീൻസ് മെത്രാൻ സമിതി എടുത്ത തീരുമാനപ്രകാരമാണ് 2021 വരെ എല്ലാവർഷവും രാജ്യത്തെ അമലോത്ഭവ മാതാവിന്റെ ഹൃദയത്തിന് പുനഃപ്രതിഷ്ഠിക്കുവാൻ തീരുമാനിച്ചത്. ജൂൺ ഒന്നിന് രാജ്യത്തെ എല്ലാ രൂപതകളുടെയും കീഴിലുള്ള ദൈവാലയങ്ങളിൽ പുനഃപ്രതിഷ്ഠ നടന്നു. കത്തോലിക്കാ ഭൂരിപക്ഷരാജ്യമായ ഫിലിപ്പീൻസിൽ മരിയഭക്തിക്ക് പ്രത്യേക പ്രാധാന്യമുണ്ട്.

Published by Indian Christian Community National Council. Edited by Chev.V C Sebastian Valliamthadathil, Santhigri Residency, Palampra Kanjirapally, Kottayam Dist., India. Ph: 04828 234056, Mob: 9447355512, E-mail: chevaliersebastian@gmail.com. *Private Circulation only